അധ്യായം I

മലയാള വിമർശനത്തിലെ നവോത്ഥാന ഘട്ടം

നമ്മുടെ സാംസ്കാരികജീവിതത്തിൽ നിരവധി അന്തഃസംഘർഷങ്ങൾക്ക് കളമൊരുക്കിയ കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലാണ് പുതിയ അർത്ഥത്തിലുള്ള സാഹിത്യവിമർശനം മലയാളത്തിലാരംഭിക്കുന്നത്. പാശ്ചാത്യവിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ ജഡീഭവിച്ച സാംസ്കാരികാന്തരീക്ഷത്തിന് ആദ്യത്തെ 'ഷോക്ട്രീറ്റ്മെന്റാ'കുന്നു. അതിനെത്തുടർന്ന് വിദ്യാഭ്യാസ പ്രചാരണാർത്ഥമായി രാജാക്കന്മാരുടെ ഉദ്യമങ്ങളും അതിന്റെ ഭാഗമായി വലിയകോയിത്തമ്പുരാൻ അധ്യക്ഷനായി ഉണ്ടായ പാഠപുസ്തകക്കമ്മെറ്റിയും പുതിയ യുഗത്തിന്റെ കാഹളവാദനമായി[1]. പാഠപുസ്തകങ്ങൾക്കുവേണ്ടി ഇംഗ്ലീഷിലെ ഉപന്യാസരചനാരീതി സ്വീകരിച്ചെഴുതിയ ലേഖനങ്ങളും, മറ്റെഴുത്തുകാർക്ക് ഹാർദ്ദമായി നൽകിയ പ്രോത്സാഹനഫലമായുണ്ടായ കൃതികളും നമ്മുടെ സാഹിത്യരംഗത്തെ ഉന്മിഷത്താക്കി.

പത്രപ്രവർത്തനത്തിലുണ്ടായ അഭിവൃദ്ധിയാണ് കേരളവർമ്മയുടെ കാലത്ത് മലയാളസാഹിത്യത്തിൽ ഉണ്ടായ നവോത്ഥാനത്തിന്റെ മറ്റൊരു കാരണം[2]. സാഹിത്യത്തിന്റെ ബഹുമുഖമായ വികാസത്തിനുവേണ്ട സാഹചര്യങ്ങൾ ഈ പുതിയ സരണിമൂലം സംജാതമായി. ജനങ്ങളുടെയിടയിൽ സാഹിത്യകൃതികൾ വളരെവേഗത്തിൽ പ്രചരിക്കുന്നതിനും രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ കാര്യങ്ങൾ പ്രതിപാദിക്കാൻ കരുത്തുള്ള ഒരു ഗദ്യശൈലി കരുപ്പിടിപ്പിക്കുന്നതിനും ഉപന്യാസം, ജീവചരിത്രം, കഥ തുടങ്ങിയ സാഹിത്യവിഭാഗങ്ങൾ പുഷ്ടിപ്പെടുന്നതിനും പത്രപ്രവർത്തനം അത്യന്തം ഉപകരിച്ചു. ഇവയിൽ വിദ്യാവിനോദിനി (1889) ഭാഷാപോഷിണി (1893) സ്വദേശാഭിമാനി (1878) ഇവയുടെ പ്രാധാന്യം പ്രത്യേകം സ്മർത്തവ്യമാണ്.

പാശ്ചാത്യസാഹിത്യപരിചയത്തിൽ നിന്ന് ഭാഷയിൽ സംക്രമിച്ച നോവലിന്റെ രൂപങ്ങൾ നവമായൊരു അഭിരുചിയെ തട്ടിയുണർത്തുന്നതായിരുന്നു. കുന്ദലത (1887) ഇന്ദുലേഖ (1889) ശാരദ (1892) മാർത്താണ്ഡവർമ്മ (1891) ധർമ്മരാജാ (1913) രാമരാജാ ബഹദൂർ (1920) ഇവയായിരുന്നു നമ്മുടെ ആദ്യകാല നോവലുകളിൽ പ്രധാനം. ഇംഗ്ലീഷിലെയും സംസ്കൃതത്തിലെയും നാടകങ്ങളുടെ തർജ്ജമകളായിരുന്നു മറ്റൊരു സാഹിത്യമേഖല. 1882 ൽ കേരളവർമ്മ അഭിജ്ഞാനശാകുന്തളം തർജ്ജമ ചെയ്തതോടെ നാടകതർജ്ജമകളുടെ പ്രവാഹം ആരംഭിച്ചു.

ഗദ്യസാഹിത്യത്തിലുണ്ടായ അഭൂതപൂർവ്വമായ ഉണർവ്വിനോട് ചേർത്തുവായിക്കേണ്ടതാണ് വെണ്മണിക്കവികൾ കവിതാരംഗത്ത് ഉണ്ടാക്കിയ നവതരംഗവും. ലളിതസംസ്കൃതപദങ്ങൾ പോലും കുറച്ചും നാടോടിമലയാളപദങ്ങൾ നിർവ്വിശങ്കം ഉപയോഗിച്ചുമുള്ളതായിരുന്നു അവരുടെ ഭാഷാശൈലി. പൗരാണിക വിഷയങ്ങളോടൊപ്പം നിന്ന് നാടൻ ജീവിതസന്ദർഭങ്ങൾക്ക് കവിതയിൽ അവർ സ്ഥാനം കൊടുത്തു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായി അവരുടെ കാലം വ്യാപിച്ചുകിടക്കുന്നു.

ഇതേ കാലഘട്ടത്തിൽ തന്നെ സംസ്കൃതകൃതികൾ വിവർത്തനം ചെയ്യാനും സംസ്കൃതസാഹിത്യപ്രസ്ഥാനങ്ങളെ അനുകരിക്കാനുമുള്ള ശ്രമങ്ങൾ ധാരാളമായി ഭാഷയിലുണ്ടായി. കേരളവർമ്മയും എ. ആർ. രാജരാജവർമ്മയുമായിരുന്നു ഇതിന്റെ മുൻനിരക്കാർ. കേരളവർമ്മ സംസ്കൃതപ്രചുരമായ ശൈലിയും എ. ആർ ഭാഷാപദങ്ങൾക്ക് പ്രധാന്യമുള്ള ശൈലിയിലുമായിരുന്നു വിവർത്തനത്തിന് ഉപയോഗിച്ചത്. സാഹിത്യഭാഷയെ സംബന്ധിച്ച് കുലപതികളായ ഇവർക്കുണ്ടായ വിരുദ്ധാഭിപ്രായത്തെ ഇതു പ്രകടമാക്കുന്നു.

ഏ. ആർ. രാജരാജവർമ്മ

1891–ൽ ആരംഭിച്ച പ്രാസവാദം മലയാളസാഹിത്യചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്[3]. കവിതയിൽ ശബ്ദാലങ്കാരങ്ങൾക്കും ശബ്ദപ്രൗഢിക്കുമല്ല അർത്ഥത്തിനും ഭാവപോഷണത്തിനുമാണ് പ്രാധാന്യമെന്ന് ഈ സംവാദം സ്ഥാപിച്ചു. അർത്ഥപക്ഷത്തിന്റെ അമരക്കാരനായിനിന്ന ഏ. ആർ. രാജരാജവർമ്മ സാമ്പ്രദായികമായ സംസ്കൃതശ്ലോകരചനകൾ കൊണ്ടായിരുന്നു തന്റെ സാഹിത്യജീവിതം ആരംഭിച്ചതെങ്കിലും നവോന്മേഷശാലിനിയായ തന്റെ പ്രതിഭാശാലിത്വം കൊണ്ട് പെട്ടെന്ന് നവഭാവുകത്വം ആർജ്ജിച്ചു. ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനം നേടിയതും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുവാൻ സാധിച്ചതും ജീവിതവൈവിധ്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം അദ്ദേഹത്തിനു നേടിക്കൊടുത്തു. രാജകുടുംബപാരമ്പര്യത്തിന് നിരക്കാത്തവിധം സർക്കാർ ഉദ്യോഗസ്ഥനായതുതന്നെ അദ്ദേഹത്തിന്റെ ഉല്പതിഷ്ണുത്വത്തെ കാണിക്കുന്നുണ്ട്.

സ്വകീയജീവിതാനുഭവങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹമെഴുതിയ ഭംഗവിലാപവും പിതൃപ്രലാപവും മലയവിലാസവും അദ്ദേഹത്തിലെ ഭാവഗീതികാരന്റെ മനോഘടനയെ വെളിപ്പെടുത്തുന്നു.

ഏ. ആർ രചിച്ച അലങ്കാരവൃത്തവ്യാകരണഗ്രന്ഥങ്ങൾ സാഹിത്യത്തിന് അടിസ്ഥാനമായി ഭാഷയെകുറിച്ച് അവബോധമുണ്ടാക്കുവാൻ എഴുതിയവയാണ്. സാഹിത്യജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ അദ്ദേഹത്തിൽ മുന്നിട്ടുനിന്നിരുന്ന ഭാഷാശാസ്ത്രകാരന്റെ മുഖം ഈ കൃതികൾ വെളിപ്പെടുത്തുന്നു.

ഒരു ക്ലാസ്സിൽ എങ്ങനെ കൃതികളെ വായിക്കുമെന്ന് കാണിക്കുന്നതാണ് അദ്ദേഹം നളചരിതം, ശാകുന്തളം, മാളവികാഗ്നിമിത്രം, മൃച്ഛകടികം എന്നീ കൃതികൾക്ക് എഴുതിയ മുഖവുരകൾ. കർത്താവ്, കാലം, ഇതിവൃത്തം, ഭാഷ, കഥാപാത്രങ്ങൾ, രസം എന്നിങ്ങനെയുള്ള ശീർഷകങ്ങളിൽ കൃതികളുടെ മേന്മ വസ്തുനിഷ്ഠമായും യുക്തി

വിചാരകുശലതയോടുംകൂടി ചർച്ച ചെയ്യുന്നു. എന്നാൽ നളചരിതത്തിലെ കാവ്യചാരുതകളും നാടകീയതയും കണ്ടറിയുന്ന എ. ആറിൽ ഒരു പാരമ്പര്യനിഷേധിയെ കണ്ടെത്താം.

ഉൽപതിഷ്ണുവും സഹൃദയനുമായ നിരൂപകനെ വെളിപ്പെടുത്തുന്നതാണ് നളിനിയ്ക്കെഴുതിയ അവതാരിക. ‘വണ്ടും വണ്ടാരുമില്ലാതെയും കവിതയെഴുതാം’[4] എന്ന് അദ്ദേഹം പറഞ്ഞത് ഗതാനുഗതികത്വത്തോടുള്ള എതിർപ്പുകൊണ്ടായിരുന്നു.

ഗദ്യത്തിനുവേണ്ടി വാദിക്കുന്ന സാഹിത്യസാഹ്യമായിരുന്നു എ. ആറിന്റെ ഉൽപതിഷ്ണുത്വം ഏറെ പ്രകടമാക്കിയ കൃതി. ‘സരസമായൊരു കൃതി പദ്യമായാലും ഗദ്യമായാലും സാഹിത്യം തന്നെ’, ‘ഇന്ദുലേഖ മുതലായ ഗദ്യകൃതികൾ കാവ്യങ്ങളാണ്’, ‘ഒരു ഭാഷയുടെ പ്രാബല്യം നിശ്ചയിക്കുന്നത് അതിലുള്ള ഗദ്യകൃതികളുടെ എണ്ണവും വണ്ണവും നോക്കിയിട്ടാണ്.’ എന്നിങ്ങനെ ഗദ്യത്തിന്റെ സാഹിതിയ പ്രാധാന്യവും പ്രസക്തിയും ആ കൃതിയിലൂടെ സ്ഥാപിക്കപ്പെട്ടു.

കാല്പനിക കവിതയുടെ വികാസമാണ് ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകത. രാജരാജവർമ്മയുടെ ‘മലയവിലാസം’ (1895) സി. എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ ‘ഒരു വിലാപം’ (1902) വി. സി. ബാലകൃഷ്ണപണിക്കരുടെ ‘ഒരു വിലാപം’ (1908) എന്നീ കൃതികൾ ഈ രംഗത്ത് ഹരിശ്രീകുറിച്ചു. കുമാരനാശാന്റെയും വള്ളത്തോളിന്റെയും കാല്പനിക കൃതികൾ കൊണ്ട് ആ കാലഘട്ടം കവിതയുടെ നവോത്ഥാന കാലമായി മാറുകയായിരുന്നു.

ഭാഷാപോഷിണിസഭയും (1892) അതിന്റെ ആഭിമുഖ്യത്തിൽ നടന്ന ഭാഷാപോഷിണി ത്രൈമാസികയും മലയാളസാഹിത്യത്തിന്റെ നവോത്ഥാനഘട്ടത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ തന്നെയാണ്.

സി. പി. അച്ചുതമേനോൻ

1889-ൽ ആരംഭിച്ച വിദ്യാവിനോദിനിയിലൂടെ സി. പി. അച്ചുതമേനോൻ നടത്തിയ പുസ്തകനിരൂപണങ്ങൾ മലയാളവിമർശനം വേരുറച്ചു എന്നു കാണിക്കുന്നതായിരുന്നു. സമകാലികകൃതികളെ വിമർശനബുദ്ധിയോടെ വിലയിരുത്തിയിടത്താണ് അച്ചുതമേനോന്റെ പ്രതിഭ നിശിതമായത്. കൊച്ചുണ്ണിത്തമ്പുരാന്റെ 'കല്യാണിനാടകം', തോട്ടക്കാട് ഇക്കാവമ്മയുടെ 'സുഭദ്രാർജ്ജുനം', കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'കുചേലഗോപാലം', വയസ്കര മൂസ്സതിന്റെ 'മനോരമാവിജയം'[6] എന്നീ കൃതികളൊക്കെ നിർദ്ദയ വിമർശനത്തിനു വിധേയമായി. നല്ലതിനെ നല്ലതെന്നും തീയതിനെ തീയതെന്നും പറയുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വിമർശനസിദ്ധാന്തം. എന്നാൽ കൃതികളെ വിശദമായി വിലയിരുത്തുവാൻ അദ്ദേഹം തയ്യാറായില്ല. 'റിവ്യു' എന്നു വിളിക്കാവുന്ന നിരൂപണങ്ങളാണ് അദ്ദേഹത്തിന്റെ വിമർശനങ്ങൾ. അനുകരണത്തിനും നിരർത്ഥകമായ ശബ്ദഭംഗിക്കും എതിരെയായിരുന്നു അച്ചുതമേനോന്റെ ആക്രമണം. ഏതാണ്ടൊരു വ്യാഴവട്ടക്കാലം മലയാളസാഹിത്യരംഗത്ത് ഒരു തിരുത്തൽശക്തിയായി നിലകൊണ്ടു വിദ്യാവിനോദിനി.

പ്രാചീനകൃതികളുടെ പ്രസാധനത്തിനും ആധുനിക കവികളുടെ പ്രോത്സാഹനത്തിനും ഒരുപോലെ പ്രാധാന്യം കൊടുത്തുകൊണ്ട് മലയാളികളുടെ അഭിരുചിവിശേഷം രൂപപ്പെടുത്തുന്നതിൽ ഭാഷാപോഷിണിയും വലിയ പങ്കുവഹിച്ചു. ഭാഷാപോഷിണിയിൽ വന്ന ഉപന്യാസങ്ങൾ ഒരു വൈജ്ഞാനിക സ്ഫോടനത്തിനുതന്നെ കാരണമായി. ഇങ്ങനെ പുതിയ സാഹിത്യരൂപങ്ങൾ അവതരിപ്പിച്ചും അവയെ വിലയിരുത്തിയും ഈ മാസികകൾ നമ്മുടെ സാഹിത്യചിന്തകളെ നവീകരിക്കുന്നതിലും നവഭാവുകത്വം സൃഷ്ടിക്കുന്നതിലും ഏറെ പങ്കുവഹിക്കുകയുണ്ടായി.

സാമൂഹിക നവോത്ഥാനം

1860 മുതൽ 1924 വരെയുള്ള കാലത്തെ മലയാളത്തിലെ പുതുയുഗപ്പുലരിയുടെ പ്രാരംഭദശയായി എൻ. കൃഷ്ണപിള്ള കാണുന്നുണ്ട്.[7] അന്നുണ്ടായ ചലനങ്ങളുടെ തുടർച്ചയാണ് മലയാളത്തിലെ നവോത്ഥാനമായി പരിണമിച്ചത്. വിമർശനരംഗത്ത് ഏ. ആർ. തമ്പുരാൻ ഉണർത്തിയ നവഭാവുകത്വമാണ് പി. കെ. നാരായണപിള്ള, കേസരി ഏ. ബാലകൃഷ്ണപിള്ള, ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാർ എന്നീ പ്രഥിതരായ നിരൂപകരെ സ്വാധീനിച്ചത്.

ഈ കാലഘട്ടത്തിൽ സജീവമായ അയിത്തോച്ചാടനപ്രവർത്തനങ്ങൾ, ദുരാചാര നിർമ്മൂലനത്തിനായി പ്രയത്നിച്ച സംഘടനകൾ (ഉദാ. എസ്. എൻ. ഡി. പി. യോഗം 1903, എൻ. എസ്. എസ്. 1915, യോഗക്ഷേമസഭ 1920) രാഷ്ട്രീയപുരോഗതിക്കുവേണ്ടി പ്രവർത്തിച്ച സംഘടനകൾ (നിവർത്തനപ്രക്ഷോഭം 1931–38, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് 1938, കൊച്ചി പ്രജാമണ്ഡലം 1941) എന്നിവ സജീവമായി. സാഹിത്യരംഗത്താകട്ടെ സമസ്തകേരള സാഹിത്യപരിഷത്ത് (1927) ജീവത്സാഹിത്യസമിതി (1937) എന്ന പേരിലാരംഭിച്ച് പുരോഗമനസാഹിത്യസംഘടനയായിത്തീർന്ന പ്രസ്ഥാനം എന്നിവ കേരളത്തിലെ സാഹിത്യകാരന്മാരുടെ ജീവിതവീക്ഷണത്തിലും സാഹിത്യസങ്കല്പത്തിലും കാര്യമായ വ്യതിയാനങ്ങൾ വരുത്തി. ഗ്രന്ഥശാലാസംഘ (1946)ത്തിന്റെ പ്രവർത്തനഫലമായുണ്ടായ ഗ്രന്ഥശാലകൾ പത്രങ്ങൾക്കും ഗ്രന്ഥങ്ങൾക്കും കൂടുതൽ പ്രചാരം നേടിക്കൊടുത്തു. ഈ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഭവവികാസങ്ങൾ മലയാള സാഹിത്യത്തിലുണ്ടായ നവോത്ഥാനവുമായി ചേർത്തുകാണേണ്ടതുണ്ട്.

കേസരി. ഏ. ബാലകൃഷ്ണപിള്ള

ആംഗലസാഹിത്യത്തെ അനുവർത്തിച്ചുകൊണ്ടായിരുന്നു മലയാളത്തിൽ സാഹിത്യനിരൂപണം സംജാതമായതെങ്കിലും നിരൂപണമാനദണ്ഡങ്ങൾ തികച്ചും വൈദേശികമായിരുന്നില്ല. ആംഗലസാഹിത്യത്തിൽ നിന്ന് പ്രതിപാദനമാതൃകകളെ സ്വീകരിച്ച് രസം,

വ്യംഗ്യം, ശയ്യ, അലങ്കാരം, ഗുണം എന്നിങ്ങനെയുള്ള ഭാരതീയാശയങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഗ്രന്ഥമാഹാത്മ്യം തിട്ടപ്പെടുത്തിയത്. ആ പൂർവ്വനിരൂപണ സമ്പ്രദായത്തെ സ്ഫുടീകരിച്ച് ഒരു പരിധിവരെ നിഷേധിച്ചുമായിരുന്നു കേസരി. എ. ബാലകൃഷ്ണപിള്ള വിമർശനം നിർവ്വഹിച്ചത്. പാശ്ചാത്യവിജ്ഞാനത്തെയും നവീനപ്രസ്ഥാനങ്ങളെയും കേസരി എന്ന പത്രത്തിലൂടെ (1931–35) അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവസാഹിത്യകാരന്മാരുടെ കൃതികളെ വിലയിരുത്തുകയും ചെയ്തു അദ്ദേഹം. കേരളത്തിലെ സാമൂഹികരാഷ്ട്രീയസാംസ്കാരികമേഖലകളിൽ ചലനം സൃഷ്ടിച്ച അദ്ദേഹത്തിന്റെ ആശയങ്ങൾ യുവസാഹിത്യകാരന്മാരെയാണ് ഏറെ പ്രചോദിപ്പിച്ചത്.

കേസരി അവതരിപ്പിച്ച ചിന്തകൾ സാഹിത്യകാരന്റെ കർത്തവ്യം, സമുദായവും സാഹിത്യവുമായുള്ള ബന്ധം, സാഹിത്യത്തിന്റെ ലക്ഷ്യം തുടങ്ങിയ കാര്യങ്ങളിൽ ഒരു പുനർചിന്ത ഉണ്ടാക്കി.[8] സാഹിത്യത്തിന്റെ ലക്ഷ്യം സൗന്ദര്യജന്യമായ ആനന്ദാനുഭവമാണെന്ന പൂർവ്വമതത്തോട് ധർമ്മോദ്ബോധനം കൂടി കേസരിപക്ഷക്കാർ കൂട്ടിച്ചേർത്തു. ഒരു വ്യക്തിയുടെ ധർമ്മബോധമാകട്ടെ, അയാളുടെ സാമൂഹികബന്ധങ്ങളാൽ നിയന്ത്രിതവുമാണ്. സാമൂഹികജീവിതത്തിൽ നിന്ന് ആർജ്ജിച്ച അനുഭവങ്ങളെ സാമൂഹികക്ഷേമത്തിന് ഉപയുക്തമാകുമാറ് ചിത്രീകരിക്കണം എന്ന വീക്ഷണഗതി ശക്തമായി. കൃത്രിമരൂപശില്പവൈചിത്ര്യങ്ങളല്ല, സമൂഹതാല്പര്യങ്ങളാണ് ഒരു കൃതിയുടെ മേന്മയ്ക്ക് അടിസ്ഥാനം എന്ന വാദഗതിക്ക് ബലമുണ്ടായി.

കേസരിയുടെ നിരൂപണാദർശം സർവ്വാദരണീയമാണെന്നു പറഞ്ഞുകൂടാ. എങ്കിലും മലയാളവിമർശനത്തിന്റെ ഗതിവ്യതിയാനത്തിന് ഇടയാക്കിയത് അദ്ദേഹത്തിന്റെ വിമർശനങ്ങളായിരുന്നു.

> “അതുവരെയുണ്ടായിരുന്ന നിരൂപണമാതൃകകളിൽ നിന്ന് തുലോം വ്യത്യസ്തവും പൗരസ്ത്യവിമർശനസിദ്ധാന്തങ്ങൾക്ക് അവിധേയവും പാശ്ചാത്യ

> നിരൂപണത്തോടു തികച്ചും കടപ്പെട്ടതുമായിരുന്നു എ. ബാലകൃഷ്ണപിള്ളയുടെ ഗ്രന്ഥസമീക്ഷാപ്രസ്ഥാനം”[9]

എന്ന് എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെടുന്നു.

സ്വയം ഒരു സാങ്കേതികവിമർശകൻ എന്നു വിശേഷിപ്പിച്ച കേസരി ഒരിക്കലും കാവ്യമുണ്ടാക്കുന്ന വൈകാരികാനുഭൂതിയുടെ അടിസ്ഥാനത്തിൽ സാഹിത്യത്തിന്റെ മൂല്യം നിർണ്ണയിക്കുന്ന സമ്പ്രദായം സ്വീകരിച്ചിട്ടില്ല.

> “വസ്തുനിഷ്ഠവും വിശകലനാത്മകവുമാണ് ആ വിമർശനം; കൃതിയുടെ ചൈതന്യവുമായി സാത്മ്യം പ്രാപിക്കുന്ന ഒരു വിമർശകന്റെ ഹൃദയത്തുടിപ്പുകൾ ബാലകൃഷ്ണപിള്ളയ്ക്കുണ്ടായിട്ടുള്ളതായി തോന്നുകയേയില്ല. നിർവികാരനായി വസ്തുപ്രപഞ്ചം നിരീക്ഷിക്കുന്ന ഒരു ശാസ്ത്രജ്ഞന്റെ അവസ്ഥയാണ് അദ്ദേഹത്തിനുള്ളത്. പ്രത്യേകമായ പക്ഷപാതമോ പ്രതികൂലഭാവമോ ഒരു കൃതിയോടുമില്ല; വായനക്കാരുടെ രസനീരസങ്ങൾക്കു പ്രേരകമാകാവുന്ന മണ്ഡനഖണ്ഡനങ്ങൾ ഒരു കൃതിയെക്കുറിച്ചും നടത്തുന്നുമില്ല.”[10]

ഇങ്ങനെ നിർവ്വികാരനായി കൃതികളെ വിലയിരുത്തുന്ന നിരൂപകനെയാണ് കേസരിയിൽ കാണാൻ സാധിക്കുന്നത്.

കേസരിയുടെ മുഖപ്രസംഗങ്ങൾ

1931 ജനുവരി 14-ാം തീയതിയിലെ കേസരിയിൽ അക്കാലത്തെ നിരൂപക സമ്രാട് ആയിരുന്ന പി. കെ. നാരായണപിള്ളയെ നിഷേധിച്ചുകൊണ്ടദ്ദേഹം, “വിഗ്രഹധ്വംസനവും സ്വതന്ത്രചിന്തയും സാഹിത്യപോഷണത്തിന് അപരിത്യാജ്യമാണ്”[11] എന്ന് എഴുതുകയുണ്ടായി. അത് മലയാളസാഹിത്യത്തിലേക്ക് നവീനാശയങ്ങളുടെ പ്രവേശത്തിന്റെ നാന്ദി സൂചിപ്പിക്കുന്നതായിരുന്നു. 1931 മുതൽ 1935 വരെ കേസരിയിലും

പ്രബോധകനിലും വന്നുകൊണ്ടിരുന്ന വിപ്ലവകരമായ മുഖക്കുറിപ്പുകൾ നമ്മുടെ സാഹിത്യവിമർശനത്തിന് ആധുനികതയിലേക്കുള്ള കവാടം തുറന്നിട്ടുകൊടുത്തു.[12]

കേസരിയുടെ ഗ്രന്ഥങ്ങൾ

1937-ൽ രൂപമഞ്ജരി പ്രസിദ്ധീകരിച്ചു. അതുവരെ മലയാളവിമർശനത്തിലുണ്ടായിരുന്ന സംജ്ഞകളിലും സങ്കേതങ്ങളിലും ചിന്തയിലും ശൈലിയിലും നിന്ന് തികച്ചും വിഭിന്നമായ ഒരു ആശയപ്രപഞ്ചമായിരുന്നു ആ കൃതിയിൽ. തന്റെ സാങ്കേതിക നിരൂപണങ്ങൾക്ക് ഒരു പൂർവ്വസമ്മിതി ഉണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ രാജരാജവർമ്മയെ ഒരു സാങ്കേതിക വിമർശകനായി അവതരിപ്പിച്ച് അദ്ദേഹത്തിന്റെ അവതാരികകളെ സുദീർഘപഠനങ്ങളിലൂടെ അവതരിപ്പിക്കുന്ന കൃതിയാണ് രാജരാജീയം. പാശ്ചാത്യപൗരസ്ത്യസരണികളെ സമന്വയിപ്പിച്ചാലേ മലയാളത്തിന് പുരോഗതി ഉണ്ടാകൂ എന്ന് രാജരാജീയത്തിലും രൂപമഞ്ജരിയിലും അദ്ദേഹം പറഞ്ഞുവച്ചു.

പുരോഗതി എന്ന ആശയം

സാങ്കേതികനിസ്സംഗത പുലർത്തിയ വിമർശനങ്ങൾ എഴുതുമ്പോഴും അതിൽ ശാസ്ത്രം, സാമൂഹികവിമർശനം എന്നിവ അദ്ദേഹം ഉൾപ്പെടുത്തി. വിഗ്രഹധ്വംസനവും സ്വതന്ത്രചിന്തയും എഴുത്തുകാർക്കിടയിൽ വളർത്തുക എന്നത് അദ്ദേഹത്തിന്റെ ഉദ്ദേശ്യമായിരുന്നു. സാഹിത്യത്തിന്റെ ലക്ഷ്യമായി പുരോഗതി എന്ന ആശയത്തെ അദ്ദേഹം അവതരിപ്പിച്ചു. മനുഷ്യപുരോഗതിയുടെ ലക്ഷ്യം സുഖമാണെന്നും ശാസ്ത്രജ്ഞാനം, സ്വാതന്ത്ര്യം, കല എന്നിവയിലൂടെ അതു പ്രാപിക്കാമെന്നും, മതവും രാഷ്ട്രീയപക്ഷപാതങ്ങളുമാണ് അതിനു പ്രതിബന്ധമെന്നും അദ്ദേഹം വിശ്വസിച്ചു.[13] പുരോഗതി എന്ന ആശയത്തെക്കുറിച്ച് കാലാകാലങ്ങളിൽ ഉണ്ടാകുന്ന അഭിപ്രായഭേദങ്ങൾ സാഹിത്യകാരന്റെ വീക്ഷണകോടികൾക്കും മാറ്റം വരുത്താം. ഇതാണ് സാഹിത്യത്തിലുണ്ടാകുന്ന പ്രസ്ഥാനഭേദങ്ങൾക്ക് ഹേതു. പുരോഗമനസാഹിത്യത്തിന്റെ ലക്ഷ്യം ദാരിദ്ര്യം, സാമുദായി

കാധഃകൃതത്വം, രാഷ്ട്രീയസ്വാതന്ത്ര്യരാഹിത്യം ഇവയെപ്പറ്റി എഴുതി ഒരു നവസൃഷ്ടിക്കുള്ള സാഹചര്യം സൃഷ്ടിക്കുകയുമാണ്. ചുരുക്കത്തിൽ പാശ്ചാത്യകൃതികളുടെ വിപുലമായ പാരായണത്തിൽനിന്ന് സ്വതന്ത്രവീക്ഷണങ്ങൾ സ്വരൂപിച്ച് സർവ്വതന്ത്രസ്വതന്ത്രനെപ്പോലെ അദ്ദേഹം എഴുതുകയായിരുന്നു.

ഏ. ബാലകൃഷ്ണപിള്ള തന്റെ നിരൂപണത്തിലൂടെ സാധിച്ചത് ഇവയാണ്.

1. സംസ്കൃതസങ്കേതങ്ങളിൽ ബന്ധിതമായിരുന്ന മലയാളവിമർശനത്തെ പാശ്ചാത്യസാഹിത്യത്തിലെ വിപുലമായ സാഹിത്യചിന്തകളുമായി ബന്ധിപ്പിച്ചു.
2. എല്ലാ ആധുനികവിജ്ഞാനശാഖകളെയും വിമർശനവുമായി യോജിപ്പിച്ചു.
3. സാഹിത്യത്തെ ഭൗതികമായ പുരോഗതി എന്ന ലക്ഷ്യത്തോട് ചേർത്തുവച്ചു.
4. സാഹിത്യത്തിലെ അരുതുകളെ നിഷേധിക്കുകയും നിഷേധത്തിന്റെ പ്രവണത പ്രചരിപ്പിക്കുകയും ചെയ്തു.

കേസരിയും മുണ്ടശ്ശേരിയും

മുണ്ടശ്ശേരി സാഹിത്യവിമർശനരംഗത്ത് വിരാജിച്ചിരുന്ന കാലത്തും കേസരി എഴുതിക്കൊണ്ടിരുന്നു. പാശ്ചാത്യകാവ്യതത്ത്വങ്ങളെ നിർവിശങ്കം മലയാളകവിതാവിമർശനത്തിനുപയോഗിക്കാനുള്ള തന്റേടം ഉണ്ടാക്കിക്കൊടുക്കുന്നതിൽ കേസരി മുണ്ടശ്ശേരിക്ക് മാർഗ്ഗദർശിയായിരുന്നു. എന്നാൽ കേസരിയുടെ സാങ്കേതികമാർഗ്ഗത്തെ അദ്ദേഹം അനുസന്ധാനം ചെയ്തുവെന്നതിനർത്ഥമില്ല. എന്നുമാത്രമല്ല പാശ്ചാത്യസിദ്ധാന്തങ്ങളുടെ കലാത്മകമായ ഉദ്ഗ്രഥനമാണ് മുണ്ടശ്ശേരി നടത്തിയിരുന്നതുതാനും. എന്നാൽ വിജ്ഞാനത്തിന്റെ വിപുലമായ സഞ്ചയത്തെ സാഹിത്യത്തിന്റെ രൂപം പ്രാപിക്കലിൽ ഉൾപ്പെടുത്താനും അവയുടെ കൈത്താങ്ങോടെ സാഹിത്യത്തെ വിലയിരുത്താനും മുണ്ടശ്ശേരിക്കു കഴിഞ്ഞു. അദ്ദേഹത്തിന്റെ ലഘുനിരൂപണങ്ങൾക്ക് കൊടുത്ത പേരുപോലും സാർത്ഥകമാണ്. വിജ്ഞാനങ്ങളുടെ വായനശാലയിലിരുന്നാണ്, അതിന്റെ സഹായത്തോടെയാണ്

T 928

സാഹിത്യകൃതികളുടെ മൂല്യം നിർണ്ണയിക്കൽ എന്ന സൂചന 'വായനശാലയിൽ' എന്ന ശീർഷകത്തിനുണ്ട്.

'ഏ. ബാലകൃഷ്ണപിള്ള' എന്ന ശ്രീധരൻപിള്ളയുടെ കൃതിയെ വിലയിരുത്തുമ്പോൾ

> "ഒരു പത്തിരുപത്തഞ്ചു കൊല്ലത്തിനകം കേരളക്കരയിലുണ്ടായിട്ടുള്ള ബഹുമുഖമായ സാംസ്കാരികപരിവർത്തനത്തിന്റെ പ്രയോക്താക്കളെ സൃഷ്ടിച്ചുവിടുവാൻ കഴിഞ്ഞ ആചാര്യൻ"[14]

ആണ് ഏ. ബാലകൃഷ്ണപിള്ള എന്ന് മുണ്ടശ്ശേരി പറയുന്നുണ്ട്. ബാലകൃഷ്ണപിള്ളയെക്കുറിച്ച് പ്രസ്തുത ഗ്രന്ഥത്തിൽ പറയുന്നത് "ദേശീയതയുടെ ഇടുങ്ങിയ ചട്ടക്കൂട്ടിൽ നിന്നു തലയൂരി സാർവ്വജനീനതയുടെ വിശാലാന്തരീക്ഷത്തിൽ"[15] നിന്നുകൊണ്ട് എന്തിനെയും വീക്ഷിച്ച ആളെന്നാണ്. എല്ലാ രാജ്യങ്ങളിലുമുള്ള സാഹിത്യകൃതികളെ തമ്മിലടുപ്പിച്ചു മനുഷ്യോദ്ധാരണാത്മകമായ സേവനത്തിൽ അവയുടെ സാധ്യത വ്യക്തമാക്കുക, സാഹിത്യകലയിലെ പ്രസ്ഥാനങ്ങളുമായി നമ്മുടെ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുക, അവയുമായി നമ്മുടെ സാഹിത്യകാരന്മാരുടെ സൃഷ്ടികളെ താരതമ്യം ചെയ്യുക, വിജ്ഞാനത്തിന്റെ വിശാല ലോകത്തെ നമുക്കു മുമ്പിൽ തുറന്നിടുക ഇവയൊക്കെ കേസരി നിർവ്വഹിച്ച പ്രവർത്തനങ്ങളായി മുണ്ടശ്ശേരി കാണുന്നു. എങ്കിലും

> "ശ്രീ ബാലകൃഷ്ണപിള്ളയുടെ ആ പ്രസ്ഥാനഭേദങ്ങളെ മാത്രം ആസ്പദമാക്കിക്കൊണ്ടുള്ള താരതമ്യപഠനം കേരളത്തിൽ ഒരേ പ്രസ്ഥാനത്തിൽപ്പെട്ട പല പതനക്കാരെയും സമശീർഷന്മാരരാക്കിക്കളഞ്ഞു."[16]

എന്നു മുണ്ടശ്ശേരി നിരീക്ഷിക്കുന്നുണ്ട്.

വിപ്ലവാശയനും പാരമ്പര്യനിഷേധിയുമായ കേസരിയെ പിന്നെയും ഏറെത്തവണ മുണ്ടശ്ശേരി അഭിവന്ദിക്കുന്നുണ്ട്.[17]

GANDHI ... UNIVERSITY LIBRARY
KOTTAYAM

കേസരിയോടുള്ള മുണ്ടശ്ശേരിയുടെ ബന്ധം വ്യക്തിപരം എന്നതിനേക്കാൾ ദർശനപരം ആണ്. സംസ്കൃതവിദ്യാഭ്യാസത്തിന്റെ പശ്ചാത്തലമില്ല കേസരിക്ക്. മുണ്ടശ്ശേരിയ്ക്കും ആ പാരമ്പര്യം ഇല്ലായിരുന്നുവെങ്കിലും പിന്നീടദ്ദേഹം അത് ആർജ്ജിക്കുന്നുണ്ട്. അത് സമതുലിതമായ ഒരു വീക്ഷണത്തിന് അദ്ദേഹത്തെ പ്രാപ്തനാക്കുകയും ചെയ്തു. ലോകത്തിലെ സകല വിജ്ഞാനങ്ങളും സാഹിത്യകാരന് ഉപസർജ്ജകമാണെന്ന കാര്യത്തിൽ മുണ്ടശ്ശേരിക്കും പക്ഷാന്തരമില്ല. പക്ഷേ ഒന്നാമതായി അദ്ദേഹം ഔചിത്യത്തെ കാണുന്നു. കേസരിയുടെ സൈദ്ധാന്തികവും നിർവികാരവുമായ അപഗ്രഥനശൈലി മുണ്ടശ്ശേരിയുടെ വിമർശനത്തിൽ കാണുകയില്ല. സാഹിത്യത്തിലെ പുരോഗമനാശയത്തിന്റെ അടിസ്ഥാനത്തിൽ കൃതികളെ വിലയിരുത്തിയുട്ടുണ്ടെങ്കിലും അതൊന്നും നിർവ്വികാരമായിരുന്നില്ല. പാശ്ചാത്യാശയങ്ങളോടും പുരോഗമനചിന്താഗതികളോടുമുള്ള സമീപനത്തിലാണ് കേസരിയും മുണ്ടശ്ശേരിയും സമാനമനസ്കരാകുന്നത്. എന്നാൽ സമഗ്രകാവ്യാനുഭൂതിയിലായിരുന്നു മുണ്ടശ്ശേരിയുടെ കണ്ണ്. സാഹിത്യത്തിന്റെ ഇഴവിടർത്തിയുള്ള വിചിന്തനത്തിൽ കേസരിയും ദത്താവധാനനായി.

എം. പി. പോൾ

മുണ്ടശ്ശേരിയുടെ വ്യക്തിജീവിതത്തിലും സാഹതീയ ദർശനങ്ങളിലും ഏറെ ബന്ധം പുലർത്തിയ ആളാണ് എം. പി. പോൾ. സംസ്കൃതത്തിലെ കാവ്യനാടകാദികൾ പഠിച്ച് സാഹിത്യത്തിലേക്ക് കടന്നുവന്നവരിൽനിന്നും വ്യത്യസ്തമായ ഒരു സമീപനരീതി ആണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മലയാള കാല്പനികകവിതയുടെ പുഷ്കല ഘട്ടത്തിലാണ് അദ്ദേഹത്തിന്റെ കൗമാരയൗവനങ്ങൾ കഴിഞ്ഞിരുന്നതെങ്കിലും കവിതയെ സംബന്ധിച്ച് കാര്യമായൊന്നും അദ്ദേഹം പറഞ്ഞിട്ടില്ല. അന്നിവിടെ ആരംഭിക്കുകമാത്രം ചെയ്തിരുന്ന നവീനഗദ്യത്തിലെ സർഗ്ഗാത്മകകൃതികളാണ് അദ്ദേഹത്തെ ആകർഷിച്ചിരുന്നത്. അദ്ദേഹത്തിനു ലഭിച്ച വിദ്യാഭ്യാസവും സാംസ്കാരിക പാരമ്പര്യങ്ങളുമാണ് അതിനു കാരണമായതെന്ന് കണ്ടെത്താൻ വിഷമമില്ല.

പോളിന് മുമ്പ് പഴയപത്രങ്ങളിൽ സി. പി. അച്ചുതമേനോൻ, കെ. രാമകൃഷ്ണപിള്ള, കെ. എം. പണിക്കർ, സി. ഈശ്വരവാരിയർ മുതലായവർ ഗദ്യകൃതികളെ വിമർശനം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ടായിരുന്നു.

> “പക്ഷേ, ഗദ്യത്തെ പദ്യത്തിൽനിന്നു വേർതിരിക്കുന്ന ശൈലീപരവും ചിന്താപരവുമായ പ്രാതിസ്വികധർമ്മങ്ങൾ മനസ്സിലുറപ്പിച്ച്, ഗദ്യത്തിന്റെ രൂപഭേദങ്ങളെക്കുറിച്ചുള്ള വ്യക്തമായ ബോധത്തോടെ, ശാസ്ത്രീയവും കലാപരവുമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച്, വിവിധ ഗദ്യരചനകളെ വിമർശിച്ച പ്രഥമമലയാള സാഹിത്യകാരനാണ് എം. പി. പോൾ”[18]

എന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു.

കവിതയെ സംബന്ധിച്ചുള്ള പോളിന്റെ നിരീക്ഷണങ്ങൾ ആനുഷംഗികങ്ങളാണ്. കവിതയിലെ ശബ്ദാർത്ഥങ്ങളെക്കുറിച്ചും ഭാവരൂപങ്ങളെക്കുറിച്ചും അദ്ദേഹം ചിന്തിച്ചിട്ടുണ്ട്. കവികൾ ഉപയോഗിക്കുമ്പോൾ വാക്കുകൾ നക്ഷത്രങ്ങളായിത്തീരുന്നുവെന്ന് അദ്ദേഹം പറയുന്നു.

> “നല്ല കവിതയിൽ വാഗർത്ഥങ്ങൾ സമ്മേളിക്കുമ്പോൾ വാക്കും അർത്ഥവും മാത്രമല്ല അവാച്യമായ മൂന്നാമതൊന്ന് (രസം, ആനന്ദം, അലൗകികാനന്ദം എന്നെല്ലാം വ്യവഹരിക്കപ്പെട്ടിട്ടുള്ള എന്തോ ഒന്ന്) ഉളവാകുന്നുണ്ടെന്നും അതിന്റെ മാനദണ്ഡം സഹൃദയന്റെ അനുഭൂതിയാണെന്നും അതില്ലാത്ത കൃതി മറ്റെന്തൊക്കെ ഉണ്ടായിരുന്നാലും കവിതയാകില്ലെന്നും വിസ്മരിക്കാതിരുന്നാൽ നിരൂപണലോകത്തിലുള്ള പല വിവാദങ്ങളും ആശയക്കുഴപ്പങ്ങളും നിവാരണം ചെയ്യാവുന്നതാണ്”[19]

എന്നദ്ദേഹം പറഞ്ഞിരിക്കുന്നു.

സാഹിത്യത്തോട് വൈകാരികസമീപനമായിരുന്നില്ല എം. പി. പോളിനുണ്ടായിരുന്നത്. വിചാരശീലനായിരുന്ന പോൾ വികാരപ്രധാനമായ കവിതയുടെ അന്തർഭാവങ്ങളിലേക്ക്

കടന്നുചെല്ലാൻ തുനിഞ്ഞിട്ടില്ല. മുണ്ടശ്ശേരിയെപ്പോലെതന്നെ സാഹിത്യം ഒരു ദൈവിക വെളിപാടാണെന്ന് പോലും കരുതിയിരുന്നില്ല എന്നുവേണം മനസ്സിലാക്കാൻ. സാഹിത്യം ആത്യന്തികമായി രസനീയമാകണമെന്ന് അദ്ദേഹവും സമർത്ഥിക്കുന്നുണ്ടെങ്കിലും, രസനീയമാകുന്നതിനുള്ള ആന്തരഹേതുക്കളിലേക്ക് അദ്ദേഹത്തിന്റെ ചിന്ത ചെല്ലുന്നില്ല. കഥയുടെ ഇതിവൃത്തവും പാത്രരചനയും പഞ്ചസന്ധികളും പരിണാമഗുപ്തിയും അദ്ദേഹം വിശദമായി വിവരിച്ചു. എന്നാൽ ഇവിടെയൊന്നും വൈകാരികമോ ദാർശനികമോ ആയ ഒരു സമീപനമല്ല അദ്ദേഹം സ്വീകരിക്കുന്നത്. വസ്തുനിഷ്ഠതയും യുക്തികാർക്കശ്യവും സമഗ്രചിന്തയുമാണ് ഈ വിചിന്തനങ്ങളിൽ പ്രകടമാകുന്നത്. ധൈഷണികമായ ഈ സമീപനം അദ്ദേഹത്തിന്റെ സാഹിത്യചിന്തകളിൽ മാത്രമല്ല. ജീവിതവീക്ഷണത്തിലും കാണാവുന്നതാണ്.

1930–ൽ നോവലിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ താത്ത്വികവും വിവരണാത്മകവുമായ പഠനം പുറത്തുവന്നു. 1932–ൽ ചെറുകഥയെക്കുറിച്ചുള്ള പഠനവും പ്രകാശിതമായി. ഗദ്യത്തിന്റെ രൂപഭേദങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണയോടെ, വിവിധ ഗദ്യരചനകളെ വിമർശിച്ച പ്രഥമ മലയാളസാഹിത്യകാരനാണ് എം. പി. പോൾ. എന്നാൽ ഈ കൃതികൾക്കുശേഷം സാഹിത്യവിചാരത്തിലേയും സൗന്ദര്യനിരീക്ഷണത്തിലേയും ലേഖനങ്ങളിൽ ഒതുങ്ങിയ സാഹിത്യസേവനമേ അദ്ദേഹം നടത്തിയിട്ടുള്ളൂ. ആംഗലഭാഷയിലിറങ്ങിയ നോവൽ സംബന്ധമായ കൃതികളുമായി അദ്ദേഹത്തിനുണ്ടായിരുന്ന പരിചയത്തിന്റെ അടിസ്ഥാനത്തിൽ മലയാളത്തിലെ ചില കൃതികളെ വിലയിരുത്താൻ ശ്രമിച്ചതാണ് അദ്ദേഹത്തിന്റെ പിന്നീടുണ്ടായ വിലപ്പെട്ട സംഭാവന. അദ്ദേഹത്തിന്റെ മൗലികപ്രതിഭ അവിടെ ദർശനീയമാണെങ്കിലും ഒരു സാഹിത്യവിമർശകൻ എന്നു വിലയിരുത്തപ്പെടുവാൻ അതു മതിയാകുമോ എന്ന ഡോ. പി. വി. വേലായുധൻ പിള്ളയുടെ സംശയം സംഗതമാണ്.[20]

1948–ൽ പ്രസിദ്ധീകരിക്കപ്പെട്ട സൗന്ദര്യനിരീക്ഷണം ലാവണ്യവിജ്ഞാനസംബന്ധിയായി മലയാളത്തിലുണ്ടായ പഠനമെന്ന നിലയിൽ ശ്രദ്ധേയമായ ഒരു കൃതിയാണ്. ഇതിന്റെ രചനയും മിക്കവാറും പാശ്ചാത്യചിന്തകളെ അടിസ്ഥാനമാക്കിയുള്ളതാണ്. സ്വന്തമായ നിരീക്ഷണങ്ങൾ ഇതിലും കുറവാണ് എങ്കിലും ഭിന്നസിദ്ധാന്തങ്ങളെ വിശകലനം ചെയ്തു സമന്വയിക്കുന്നതിൽ അദ്ദേഹത്തിനുള്ള വൈദഗ്ദ്ധ്യം ഇതിൽ തെളിഞ്ഞുകാണുന്നു.

പോൾ ചെറുകഥാപ്രസ്ഥാനവും നോവൽപ്രസ്ഥാനവും എഴുതുന്ന കാലത്ത് അവ ഇവിടെ ഒരു പ്രധാന സാഹിത്യവിഭാഗമായി വളർന്നുകഴിഞ്ഞിട്ടില്ല. ആ സാഹിത്യപ്രസ്ഥാനത്തിനു വേണ്ട കളമൊരുക്കുകയായിരുന്നു ഈ ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം ചെയ്തതെന്നു പറയാം. അന്നത്തെ ചില വികല കൃതികളുടെ വൈലക്ഷണ്യം എടുത്തുകാട്ടി അദ്ദേഹം ഈ പ്രസ്ഥാനങ്ങളെ സംശുദ്ധീകരിച്ചു. ലക്ഷ്യങ്ങളായി എടുത്തുകാണിക്കാവുന്ന കൃതികളെ പുകഴ്ത്തുകയും അതുവഴി ഈ പ്രസ്ഥാനങ്ങൾക്ക് ശരിയായ പന്ഥാവ് തെളിച്ചുകൊടുക്കുകയും ചെയ്തു. നോവലിന്റെ ദൃഷ്ടാന്തങ്ങൾ മിക്കതും പാശ്ചാത്യമായിരുന്നിട്ടും ലേഖകവൃത്തിയുടെ സവിശേഷതകൊണ്ട്, അവ വൈദേശികചുവ അനുഭവപ്പെടുത്തിയില്ല. ഇതിനുകാരണമായി സുകുമാർ അഴീക്കോട് ചൂണ്ടിക്കാണിക്കുന്നത് പോളിന്റെ ശൈലിയുടെ മൂന്നു സവിശേഷതകളാണ്.

> "ഒന്ന് പ്രതിപാദനത്തെ ഏറ്റവും പരിചിതമെന്ന് തോന്നിക്കുന്ന ശൈലിയുടെ സ്വച്ഛലാളിത്യം; രണ്ട്, സാങ്കേതികസംജ്ഞകളുടെ സാധാരണത്വം; മൂന്ന്, പാശ്ചാത്യസങ്കേതങ്ങളെ ആവുന്നത്ര ഭാരതീയസാഹിത്യമീമാംസകളുടെ ശൈലിയിൽ വിശദമാക്കാനുള്ള വൈഭവം."[21]

മലയാളികൾക്ക് പരിചിതമല്ലാത്ത സാഹിത്യവിഭാഗങ്ങളായിരുന്നുവല്ലോ നോവലും ചെറുകഥയും. എന്നാൽ ഇവയെക്കുറിച്ച് സ്വച്ഛസുന്ദരമായി പ്രതിപാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് ഗാഢമായ വിഷയാവഗാഹംകൊണ്ട് സാധിച്ച സാത്മ്യത്തിന്റെ

ഫലമായാണ്. വിഷയം പൂർണ്ണമായ 'അസിമിലേഷന്' അദ്ദേഹത്തിൽ വിധേയമായെന്ന് ചുരുക്കം. പാരതന്ത്ര്യസൂചകവും അരോചഹേതുവുമായ ഉദ്ധാരണങ്ങളെ അദ്ദേഹം സ്വീകരിച്ചില്ല. പൂർണ്ണമായും ആംഗലേയമായ വിഷയങ്ങളെ പാണ്ഡിത്യം കൊണ്ട് സ്വതന്ത്രനായ അദ്ദേഹം സ്വപ്രത്യയസ്ഥൈര്യത്തോടെ സ്വകീയമെന്നോണം അവതരിപ്പിച്ചു. ഈ സ്വാധീനാശയത്വം അദ്ദേഹത്തിന്റെ ശൈലിക്ക് സ്വച്ഛതയെ പ്രദാനം ചെയ്തു. ഉദ്ധരണങ്ങളിലൂടെയല്ല ഉചിതമായ ഉദാഹരണങ്ങളിലൂടെയാണ് അദ്ദേഹം ആശയത്തെ പ്രസ്ഫഷ്ടമാക്കിയത്. പോളിന്റെ ചിന്തയുടെ ആർജ്ജവം ശൈലിയുടെ പ്രസാദമായി രൂപാന്തരപ്പെടുന്നു. പാശ്ചാത്യസാഹിത്യപ്രസ്ഥാനങ്ങളെ വിവേചനം കൂടാതെ അവതരിപ്പിച്ച കേസരിയുടെ സമ്പ്രദായത്തോട് താരതമ്യം ചെയ്യുമ്പോഴാണ് പോളിന്റെ ശൈലീവിശേഷം നമുക്ക് വ്യക്തമാകുന്നത്.

> "അർദ്ധവികസിതമായ ഒരു നറും പുഞ്ചിരിയോടുകൂടി, വിഷയങ്ങളെ ഒതുക്കി ക്രമപ്പെടുത്തിക്കൊണ്ടുള്ള ഇതിലെ പ്രതിപാദനം, പ്രഗല്ഭന്മാർക്കുകൂടി കൊതിക്കത്തക്കതാണ്, നോവലും ചെറുകഥയും മാത്രം വായിക്കാൻ താല്പര്യമുള്ള അപ്രഗല്ഭന്മാരെക്കൂടി ആകർഷിക്കത്തക്കവിധം വൈചിത്ര്യമനോഹരവുമാണ്"

എന്ന് നോവൽ സഹിത്യത്തെ വിലയിരുത്തിക്കൊണ്ട് കുട്ടിക്കൃഷ്ണമാരാർ പറഞ്ഞത് ആ ശൈലിക്കുള്ള നല്ലൊരു ആഭിനന്ദനമാണ്.

പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെ എങ്ങനെ നമ്മുടെ സാഹിത്യവീക്ഷണത്തെ നിയന്ത്രിച്ചുപോന്നിരുന്ന പൗരസ്ത്യലക്ഷണങ്ങളോട് സൗമ്യമായി സംയോജിപ്പിക്കാം എന്നതിന്റെ തെളിവായിരുന്നു പോളിന്റെ രചനകൾ. താൻ ഉപയോഗിക്കുന്ന സാങ്കേതിക ശബ്ദങ്ങൾ സമാനമായി മുമ്പിവിടെ പ്രചാരത്തിലിരുന്ന പദങ്ങളിലൂടെ അദ്ദേഹം അവതരിപ്പിച്ചത് അതിനോട് ഉണ്ടാകുമായിരുന്ന അപരിചിതത്വത്തെ ഇല്ലാതാക്കി. ഉദാഹരണത്തിന് പ്ലോട്ടിന് ഇതിവൃത്തം എന്നു സ്വീകരിച്ചതും നോവലിലെ പഞ്ച ഘടകങ്ങളെ

ക്കുറിച്ചുള്ള വീക്ഷണവും ഉപകരിക്കും. കേസരി സ്വീകരിച്ച സാങ്കേതിക സംജ്ഞകൾ വിലക്ഷണവും വികൃതവുമായിരുന്നു പലപ്പോഴും.

ഏറെക്കാലം പുരോഗമനസാഹിത്യസംഘടനയുടെ അധ്യക്ഷനായിരുന്നു അദ്ദേഹം. സാഹിത്യം സോദ്ദേശ്യമായിരിക്കണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. എന്നാൽ പ്രചാരണമാധ്യമം മാത്രമാണ് സാഹിത്യം എന്ന വാദത്തെ ശക്തിയായി എതിർത്തു. പുരോഗമനസാഹിത്യകാരന് കാമ്യമായി അദ്ദേഹം കരുതിയത് കക്ഷിനിരപേക്ഷമായ മനഃസാക്ഷിയാണ്. "ലോകത്തിൽ ഇന്നേവരെയുണ്ടായിട്ടുള്ള യാതൊരു രാഷ്ട്രീയ കക്ഷിക്കും ലോകത്തിലെ മനീഷികളേയും കലാകാരന്മാരേയും ശാസ്ത്രജ്ഞന്മാരേയും അടക്കിഭരിക്കാൻ അർഹതയുണ്ടായിട്ടില്ല"[23] എന്നും "കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിനോടുകൂടി മനുഷ്യബുദ്ധിയുടെ വളർച്ച നിലച്ചുപോയിട്ടില്ല"[24] എന്നും പ്രചാരണവാദക്കാർക്കെതിരായി തുറന്നെഴുതി അദ്ദേഹം. രൂപഭദ്രതാവാദസമയത്ത് "രൂപത്തെ നിഷേധിക്കുകയല്ല അതിനെ തികച്ചും ഭാവദ്യോതകമാക്കുകയാണ് പുരോഗമനസാഹിത്യത്തിന്റെ ധർമ്മം"[25] എന്നും "ഓരോ കലാസൃഷ്ടിയുടെയും രൂപം സ്വകീയവും അനന്യാദൃശ്യവുമാണ്. അത് വസ്ത്രം പോലെ മാറാവുന്ന ഒന്നല്ല. അത് കലയുടെ ശരീരമാണ്; ആഢംബരവുമല്ല"[26] എന്നും പോൾ പറഞ്ഞു. ഒരു രാഷ്ട്രീയകക്ഷിയിലും പെട്ടിരുന്നില്ല എം. പി. പോൾ.

> "സ്വതന്ത്രചിന്താഗതിക്കാരനായിരുന്നു അദ്ദേഹം. ഏതു രാഷ്ട്രീയക്കാരന്റെയും ആരോഗ്യകരമായ പുരോഗമനവീക്ഷണങ്ങളെ അദ്ദേഹം അംഗീകരിച്ചിരുന്നു. സാഹിത്യത്തെ ദന്തഗോപുരത്തിനും തെരുവിനും ഇടയ്ക്കുപിടിച്ചു നിർത്തി മനുഷ്യജീവിതത്തിന്റെ യഥാർത്ഥവക്താവായി മാറണമെന്നായിരുന്നു പോളിന്റെ നില."[27]

സാഹിത്യം സോദ്ദേശ്യകമായിരിക്കണമെന്നതിന് പാശ്ചാത്യപൗരസ്ത്യതത്ത്വങ്ങളുടെ താരതമ്യവിജ്ഞാനത്തോടെ അദ്ദേഹം പറഞ്ഞ യുക്തി വളരെ ഫലപ്രദമായിരുന്നു.

> "ഏതായാലും ഇതു ഭാരതത്തിലെ സാഹിത്യസിദ്ധാന്തങ്ങൾക്ക് തീരെ വിരോധമാണ്. ഇവിടെ ധർമ്മോപദേശം കാവ്യത്തിന്റെ പ്രധാനോദ്ദേശ്യമായി പണ്ടു മുതൽക്ക് സ്വീകരിക്കപ്പെട്ടിട്ടുണ്ട്."[28]

പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്ത് നിന്നുകൊണ്ട് അദ്ദേഹം പറഞ്ഞു, പുരോഗമനസാഹിത്യകാരനു സംസ്കൃതം വേണമെന്ന്. "അയാൾ സംസ്കൃതത്തിന്റെ നിരുപമമായ മാഹാത്മ്യം അനാദരിക്കുന്നുണ്ടോ? ഇല്ല."[29] കുട്ടിക്കൃഷ്ണമാരാരെപ്പോലുള്ളവരുടെ പോലും അനുഭാവം നേടാൻ ഈ വീക്ഷണം അദ്ദേഹത്തിനു സഹായകമായി.[30]

> "തന്റെ കാലത്തു മലയാളസാഹിത്യം നേരിട്ട സംസ്കാരസംഘട്ടനത്തിൽ ബാഹ്യശക്തിയായ ഇംഗ്ലീഷിന് എന്തു സ്ഥാനം കൊടുക്കണമെന്നും ആത്മശക്തിയായ സംസ്കൃതത്തിന് എന്തു സ്ഥാനമാകാമെന്നും പണ്ഡിതോചിതമായി ചിന്തിച്ചു സ്വകീയസംസ്കാരത്തിന് അനുലോമമായ ഒരു സമന്വയത്തിലെത്തിയ ഇവിടുത്തെ മഹാന്മാരായ സാഹിത്യവിമർശകരുടെ കൂട്ടത്തിലാണ് പോളിന്റെ സ്ഥാനം"[31]

എന്ന് സുകുമാർ അഴീക്കോട് വിലയിരുത്തുന്നു. സംസ്കൃതത്തിന്റെ സംസ്കാരത്തിന്റെ അന്തരീക്ഷത്തിലാണ് ഇംഗ്ലീഷിന്റെ ചൈതന്യത്തെ അദ്ദേഹം ഉൾക്കൊണ്ടത്. നമ്മുടെ ഗദ്യവിമർശകരിൽ ആദ്യത്തെ ആധുനികൻ എന്നു വിശേഷിപ്പിക്കാൻ സാധിക്കുമാറ് വീക്ഷണത്തിലും ശൈലിയിലും അദ്ദേഹം അനനുകരണീയമായ വ്യക്തിത്വം പുലർത്തി.

എം. പി. പോളും മുണ്ടശ്ശേരിയും

മുണ്ടശ്ശേരിയും എം. പി. പോളും ഒട്ടേറെ കാര്യങ്ങളിൽ സമാനമനസ്കരായിരുന്നു. സമൂഹത്തിലെ മൂഢവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇരുവരും ധിക്കരിക്കുന്നുണ്ട്. ഇരുവരും പിറന്ന സമുദായത്തിന്റെ സംസ്കാരപാരമ്പര്യം സാഹിത്യാഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നില്ല.

സാഹിത്യകാര്യങ്ങളിലേയ്ക്ക് കടക്കുമ്പോഴാണ് ഇവരുടെ വീക്ഷണങ്ങളുടെ സാജാത്യം നമുക്ക് കൂടുതൽ ബോധ്യമാകുന്നത്. ശതാബ്ദപരിണതിയിലൂടെ സംസ്കൃതം കേരളസംസ്കാരത്തോട് സാമ്യം പ്രാപിച്ചഘട്ടത്തിൽ കരുത്തുറ്റ ഒരു പ്രേരകശക്തിയായി വന്ന ഇംഗ്ലീഷിനോട് എന്തു സമീപനമാണ് സ്വീകരിക്കേണ്ടതെന്ന കാര്യത്തിൽ ഇരുവരും പ്രവർത്തനംകൊണ്ട് ഒരേ ചിന്താഗതിക്കാരാണെന്ന് തെളിയിച്ചു. സുദീർഘമായ സംസ്കാരപാരമ്പര്യത്തിൽ മനുഷ്യന് കൈവന്ന ഒരു സവിശേഷ സിദ്ധിയാണ് സാഹിത്യം എന്ന കാര്യത്തിൽ ഇരുവരും ഒരേ അഭിപ്രായക്കാരായിരുന്നു. സാഹിത്യത്തിന്റെ സാമൂഹികോദ്ദേശ്യത്തെ സംബന്ധിച്ചും അങ്ങനെയായിരിക്കെത്തന്നെ അവയ്ക്കുണ്ടായിരിക്കേണ്ട കലാപരതയെക്കുറിച്ചും അവർ ഊന്നിപ്പറഞ്ഞു. ഗദ്യസാഹിത്യത്തോട് മുണ്ടശ്ശേരി ആദർശതലത്തിൽ ആഭിമുഖ്യം പുലർത്തി. പോളാകട്ടെ ഗദ്യസാഹിത്യത്തിലെ ചില വിഭാഗങ്ങൾക്ക് ലക്ഷണഗ്രന്ഥം തീർക്കുന്നതിലും ഗദ്യകൃതികളെ വിമർശിക്കുന്നതിലുമാണ് തല്പരനായിരുന്നത്.

കൊഴിഞ്ഞ ഇലകളിൽ എം. പി. പോളുമായുള്ള സൗഹൃദം മുണ്ടശ്ശേരി വിവരിക്കുന്നുണ്ട്. മുണ്ടശ്ശേരിയുടെ വായനാശീലത്തെ ഉത്തേജിപ്പിച്ചത് എം. പി. പോളാണ്. ഇവരുടെ പ്രേരണയിലാണ് സെന്റ് തോമസ് കോളേജ് ലൈബ്രറിയിൽ വിശ്വസാഹിത്യകൃതികൾ വാങ്ങിവെയ്ക്കാൻ തുടങ്ങിയത്. 'ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്ന ഗ്രന്ഥം പോളും മുണ്ടശ്ശേരിയും ചേർന്ന് ക്രിസ്ത്വനുകരണം എന്ന പേരിൽ പരിഭാഷപ്പെടുത്തിയതും അക്കാലത്താണ്. സെന്റ് തോമസ് കോളേജിലെ പൗലോക്കാരനച്ചന്റെ 'കേരളം' എന്ന സാഹിത്യമാസികയുടെ പത്രാധിപസമിതിയിൽ പോളും മുണ്ടശ്ശേരിയും അംഗങ്ങളായിരുന്നു. കോളേജിൽനിന്നും പിരിഞ്ഞശേഷം പോൾ ആരംഭിച്ച നവകേരളവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു മുണ്ടശ്ശേരി. സഭാധികാരികളുടെ കണ്ണിലെ കരടായിത്തീർന്നിരുന്നു അപ്പോഴേക്കും പോളും മുണ്ടശ്ശേരിയും.

1944 മുതൽ പുരോഗമനസാഹിത്യപ്രസ്ഥാനവുമായി ബന്ധപ്പെട്ട് എം. പി. പോളും മുണ്ടശ്ശേരിയും പ്രവർത്തിക്കാൻ തുടങ്ങി. സാഹിത്യത്തിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള ചിന്തയിൽ അടിസ്ഥാനമാക്കിയുള്ളതാണല്ലോ പുരോഗമനസാഹിത്യസംഘടന. അതിന്റെ അദ്ധ്യക്ഷനെന്നനിലയിൽ സാഹിത്യം പുരോഗമനപരമാകണം എന്ന പക്ഷക്കാരനായിരുന്നു പോൾ. എന്നാൽ ഈ സംഘടനയെ ഏതെങ്കിലും രാഷ്ട്രീയപ്രസ്ഥാനത്തിന്റെ സാമന്തപദവിയിൽ നിറുത്തുന്നതിനെ പോളും മുണ്ടശ്ശേരിയും എതിർത്തു. പുരോഗമന സാഹിത്യസംഘടനയുടെ ചരിത്രത്തിലെ ഏറ്റവും വലിയ സംഭവങ്ങളിലൊന്നായിരുന്നു സംഘടനയെ ഒരു രാഷ്ട്രീയപാർട്ടിയുടെ ഭാഗമാക്കാനുള്ള ശ്രമവും അതിനെതിരെയുള്ള പോരാട്ടവും. ഈ പോരാട്ടത്തിന്റെ പശ്ചാത്തലത്തിലായിരുന്നു മുണ്ടശ്ശേരിയുടെ രൂപ ഭദ്രതാവാദം കൊടുമ്പിരി കൊണ്ടത്. സാഹിത്യത്തിൽ പുരോഗമനാശയം മാത്രം പോരാ അതിന് ശില്പഭദ്രതയുംകൂടി വേണം എന്ന വാദം മുണ്ടശ്ശേരി ഇതിലൂടെ അവതരിപ്പിച്ചു. ഈ വാദക്കാരെ ഫോർമലിസ്റ്റുകളായും ബൂർഷ്വാസാഹിത്യകാരന്മാരായും കമ്മ്യൂണിസ്റ്റു പക്ഷക്കാർ മുദ്ര കുത്തി. സാഹിത്യത്തെ സംബന്ധിച്ചുള്ള തങ്ങളുടെ സ്വതന്ത്രനിലപാടിന്റെ വെളിപ്പെടുത്തലായിരുന്നു മുണ്ടശ്ശേരിയും കൂട്ടരും ഇതിലൂടെ സാധിച്ചത്. സാഹിത്യത്തെ ഏതെങ്കിലും കക്ഷിയുടെ പ്രചാരണായുധമാക്കുന്നതിലുള്ള എതിർപ്പ് അദ്ദേഹം പ്രകടിപ്പിച്ചിരുന്നത് ചൂണ്ടിക്കാണിച്ചിരുന്നുവല്ലോ. മുണ്ടശ്ശേരിയും രൂപഭദ്രതയിലൂടെ സാഹിത്യം പാർട്ടിനിബന്ധനകളനുസരിച്ചാകുന്നതിനെ എതിർക്കുന്നതുകാണാം. സാഹിത്യകാരന്മാർ പാർട്ടിയിൽ മെമ്പർഷിപ്പെടുക്കുന്നത് ഹൃദയചുരുക്കത്തിന് കാരണമാകുമെന്നും മുണ്ടശ്ശേരി വാദിച്ചു. തങ്ങളുടെ സ്വതന്ത്രചിന്താഗതിയ്ക്കെതിരായ ഏതൊരു നീക്കത്തെയും ഇവർ ചെറുക്കുന്നു. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ നേതാവായി നടന്നപ്പോൾ തന്റെ സാഹിത്യവീക്ഷണത്തിന്നെതിരായ ചിലതെല്ലാം മുണ്ടശ്ശേരി പറയുന്നുണ്ട്. ആശാനെ ‘വിപ്ലവത്തിന്റെ ശുക്രനക്ഷത്രം’ എന്ന് പത്രശൈലിയിൽ വിളിച്ചു പറഞ്ഞതും ‘മാറ്റുവിൻ ചട്ടങ്ങളെ’ ഒരു വലിയ കവനവിജയമാണെന്നു പ്രഖ്യാപിച്ചതും

ആത്മാർത്ഥതയോടെയാണെന്നു വിചാരിച്ചുകൂടാ. 1945–ലെ തൃശൂർ സാഹിത്യ സമ്മേളനത്തിൽ എം. പി. പോൾ തന്റെ നിലപാട് നിസ്സന്ദേഹമായി പ്രഖ്യാപിക്കുമ്പോഴാണ് മുണ്ടശ്ശേരി തന്റെ പഴയ കൈനിലയിലേയ്ക്ക് തിരിച്ചുചെല്ലുന്നത്. എന്നാൽ ഈ ചാഞ്ചല്യം ഒരിക്കലും പോളിൽ കാണാൻ സാധിക്കുകയില്ല. ആദ്യന്തം അദ്ദേഹത്തിന്റെ നിലപാട് വ്യക്തമായിരുന്നു. ഈ തെളിഞ്ഞവീക്ഷണം മുണ്ടശ്ശേരിയിൽ അത്രത്തോളം ഉണ്ടായിരുന്നില്ല. സാഹിത്യവീക്ഷണത്തിൽ മുണ്ടശ്ശേരി പരിതഃസ്ഥിതിയ്ക്കനുസരിച്ചും കാലത്തിനനുസരിച്ചും തിരുത്തലുകൾ വരുത്തുന്നതു കാണാം. ആദ്യകാല കൃതികളിൽ രസധ്വനിയുടെ അടിസ്ഥാനത്തിൽ കൃതികളെ വിലയിരുത്തി. പുരോഗമനാശയങ്ങളുടെ സാന്നിധ്യത്തെ, പിന്നീട് നിയാമകമാക്കുന്നു. രൂപഭദ്രതയും നാടകീയതയുമാണ് തുടർന്നദ്ദേഹം സ്വീകരിച്ച മാനദണ്ഡങ്ങൾ. സാഹിത്യനിർദ്ധാരണത്തിൽ ഊന്നലിനു കൊടുക്കുന്ന ഈ ചാഞ്ചല്യം പോളിൽ കാണാനില്ല.

വളരെ സ്വാഭാവികമായിട്ടാണ് പോളിന്റെ കഥാസംബന്ധിയായ സിദ്ധാന്തങ്ങൾ സംസ്കൃതസാഹിത്യസമ്പർക്കത്തിൽ സുപരിണിതമായ മലയാളസാഹിത്യാന്തരീക്ഷത്തിലേയ്ക്ക് വരുന്നത്. വൈദേശികതത്ത്വങ്ങളെ അതിനുമുമ്പ് ഇങ്ങോട്ട് ആനയിച്ച കേസരിയുടെ പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തിവേണം ഇതു മനസ്സിലാക്കാൻ. പാശ്ചാത്യസാഹിത്യവിജ്ഞാനങ്ങൾ അദ്ദേഹത്തിൽ സുവിലേയമായിരുന്നു. പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ ഏതൊക്കെ എത്രത്തോളം സ്വീകാര്യമാണ് എന്നു നിശ്ചയിക്കാൻ അദ്ദേഹത്തിനു ക്ലേശമുണ്ടായില്ല. ഈ വിവേചനത്വം ബാലകൃഷ്ണപിള്ളയ്ക്ക് ഏതാണ്ടന്യമായിരുന്നു. പാശ്ചാത്യതത്ത്വങ്ങളെ എത്രത്തോളം സമഞ്ജസമായി സമന്വയിക്കാം എന്ന കാര്യത്തിൽ പോളിനോളം വരുകയില്ല മുണ്ടശ്ശേരിയും. സിദ്ധാന്തസമന്വയത്തിനുള്ള ത്വരയാണ് മുണ്ടശ്ശേരിയിൽ മുന്നിട്ടു നിന്നിരുന്നത്. ഉദ്ധരണബഹുളങ്ങളും വ്യാഖ്യാനംകൊണ്ടുള്ള സിദ്ധാന്തസമർത്ഥനശ്രമങ്ങളും മുണ്ടശ്ശേരിയിൽ കാണാം. വിഷയം തികച്ചും ആംഗലേയമായിരുന്നിട്ടും എമേഴ്സനെ മാത്രമാണ് ചെറുകഥാപ്രസ്ഥാനത്തിൽ എം. പി. പോൾ ഉദ്ധരിച്ചത്.[illegible] മുണ്ടശ്ശേരിയുടെ ശൈലി അതല്ല. പോളിന്റെ മറ്റു കൃതികളിലും

ഈ ഉദ്ധരണവികടത്വം കാണാൻ സാധിക്കുകയില്ല. ആശയത്തെ സ്വകീയമാക്കുന്നതിലും അതിന്റെ സൂക്ഷ്മമായ അർത്ഥതലങ്ങളിൽ വ്യാമുഗ്ദ്ധമാകുന്നതിലും പോളിനുണ്ടായിരുന്ന സിദ്ധി മുണ്ടശ്ശേരിക്ക് കൈവന്നിരുന്നില്ല എന്നുപറയുകയാവും ശരി.

ഗദ്യസാഹിത്യത്തെ സംബന്ധിച്ച് മുണ്ടശ്ശേരിയുടെയും പോളിന്റെയും നിലപാട്.

കവിത പദ്യത്തിലാകണമെന്നുണ്ടോ എന്നു കാവ്യപീഠിക മുതൽ മുണ്ടശ്ശേരി സംശയിക്കുന്നുണ്ട്. ഇനി സാഹിത്യം ഗദ്യത്തിലൂടെയാണ് വളരാൻ പോകുന്നതെന്ന് അദ്ദേഹം പ്രവചിച്ചു. ഗദ്യത്തിന്റെ പ്രാധാന്യം സാഹിത്യസാഹ്യത്തിലൂടെ സ്ഥാപിച്ച എ. ആർ. രാജരാജവർമ്മയെ അദ്ദേഹം അഭിനന്ദിക്കുന്നു. പാശ്ചാത്യപൗരസ്ത്യസങ്കല്പങ്ങളിലും ഗദ്യം കവിതയല്ലാതെയാകുന്നില്ല. ചരിത്രപരമായ ചില കാരണങ്ങളാണ് മലയാളത്തിൽ പദ്യത്തിന് പ്രാമാണ്യം നേടിക്കൊടുത്തത്. നാടകാന്തം കവിത്വം, പ്രഭാഷണാവലി, നനയാതെ മീൻ പിടിക്കാമോ? എന്നീ കൃതികളിൽ ഗദ്യത്തിന് ഇനി സാഹിത്യത്തിൽ കൈവരാൻ പോകുന്ന പ്രാധാന്യം എടുത്തു പറയുന്നുണ്ട്.[33] സമകാലികജീവിതത്തിനു സാഹിത്യത്തിൽ കൈവന്ന മേൽക്കൈ, സാഹിത്യം സാധാരണക്കാരനപ്രാപ്യമല്ലാതെയായ സാഹചര്യം, അർത്ഥാവബോധത്തിനുള്ള സാരള്യം തുടങ്ങിയ ഏറെ അനുകൂലഘടകങ്ങളെ ഗദ്യത്തിന് കൈവരാൻ പോകുന്ന പ്രാമാണ്യത്തിന് അടിസ്ഥാനമായി അദ്ദേഹം കാണുന്നുണ്ട്.

എന്നാൽ മുണ്ടശ്ശേരിയുടെ സാഹിത്യചർച്ചകളെല്ലാംതന്നെ ഛന്ദസ്കൃതമായ കവിതയെക്കുറിച്ചായിരുന്നു. സി. വി. ചന്തുമേനോൻ, തകഴി എന്നിവരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങളെ ആനുഷംഗികനിരീക്ഷണങ്ങളായി കണക്കാക്കാനേ കഴിയൂ. തന്റെ മാർഗ്ഗദർശിയായി അദ്ദേഹം കാണുന്ന എ. ആറിനെപ്പോലെ ഗദ്യസാഹിത്യത്തിന്റെ സവിശേഷതകളെക്കുറിച്ചോ അതിന്റെ വികാസചരിത്രത്തെക്കുറിച്ചോ ഒന്നും

മുണ്ടശ്ശേരി ചർച്ച ചെയ്യുന്നില്ല. കവിതാചർച്ച മാത്രമേ ഒരു നിരൂപകനെന്ന അംഗീകാരം തനിക്കു നൽകു എന്ന് അദ്ദേഹം കരുതിയിരിക്കണം.

എന്നാൽ എം. പി. പോൾ പദ്യത്തെ അപേക്ഷിച്ച് ഗദ്യത്തിനുള്ള സിദ്ധി വിശേഷതകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. പദ്യശൈലിയുടെ സങ്കേതബദ്ധതയെക്കുറിച്ചോ അതിന്റെ കൃത്രിമത്വത്തെക്കുറിച്ചോ ചർച്ച ചെയ്യുന്നുമില്ല. ഇപ്രകാരമുള്ള സാങ്കേതികചർച്ചയിൽ അദ്ദേഹം വിമുഖനായിരുന്നുവെന്നതാണ് സത്യം. എന്നാൽ അദ്ദേഹം വിചിന്തനത്തിനെടുത്തതെല്ലാം ഗദ്യകൃതികളെയായിരുന്നു. 'ധർമ്മരാജാ' പോലെയുള്ള കൃതികളുടെ അന്തശ്ചൈതന്യം കണ്ടെത്താൻ അദ്ദേഹം പരാജയപ്പെട്ടുവെങ്കിലും ഗദ്യസാഹിത്യത്തെ സാഹിത്യമെന്നു സിദ്ധവൽക്കരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ വിചിന്തനം. അക്കാലത്തുണ്ടായ ശ്രദ്ധേയമായ കൃതികളൊന്നും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെടാതെ പോയിട്ടുമില്ല. ആംഗലസിദ്ധാന്തങ്ങൾകൊണ്ട് സ്ഫുരിതമായ ഗദ്യസാഹിത്യത്തെ സ്വാഭാവികവും കേരളീയ സാഹിത്യാന്തരീക്ഷത്തിന് അനുയോജ്യവുമായ വിധത്തിൽ അദ്ദേഹം ആവിഷ്ക്കരിച്ചു. മലയാളസാഹിത്യത്തിന്റെ ഗതിയെ നിയന്ത്രിച്ചുകൊണ്ടിരുന്ന സാംസ്കാരികശക്തികളെ കണ്ടറിഞ്ഞു തന്റെ പ്രതിഭയ്ക്കു രൂപം കൊടുക്കുവാൻ എം. പി. പോളിനു സാധിച്ചതാണിതിനു കാരണം. വിശ്വസാഹിത്യത്തിൽ ഉണ്ടായിട്ടുള്ള മഹാന്മാരായ എഴുത്തുകാരുടെയും ചിന്തകന്മാരുടെയും വിചാരങ്ങൾ, കാലദേശാവസ്ഥകൾക്കനുസരിച്ച് മൂല്യനിർണ്ണയം വരുത്തി സ്വന്തമാക്കി ഉപയോഗിച്ച പോളിന്റെ ചിന്തകൾ അന്യതയുടെ പ്രതീതി ഉളവാക്കിയില്ല. പുരോഗമനസാഹിത്യ ചർച്ചയ്ക്കിടയിൽ വന്നുവീണ സുചിന്തിതാഭിപ്രായങ്ങൾ മിക്കതും പോളിന്റേതായിരുന്നു. "കാടുകയറാൻ തുടങ്ങിയ പുരോഗമനസാഹിത്യത്തെ നേർവഴിക്കു തിരിച്ചത് ഏതാദൃശാഭിപ്രായങ്ങളാണെന്നു നിർമത്സരർ സമ്മതിക്കും"[34] എന്ന് കുറ്റിപ്പുഴ കൃഷ്ണപിള്ളയെക്കൊണ്ട് പറയിപ്പിച്ചത് പോളിന്റെ സുപരിണിതമായ അഭിപ്രായങ്ങളാണ്.

കുട്ടിക്കൃഷ്ണമാരാർ

പാശ്ചാത്യരുടെ സാഹിത്യവിമർശനത്തെ ഏതെങ്കിലും വിധത്തിൽ ആശ്രയിക്കുന്ന നിരൂപകരെയാണ് നമ്മുടെ നിരൂപണചരിത്രത്തിൽ കാണുന്നത്. എന്നാൽ കുട്ടിക്കൃഷ്ണമാരാർ വിഹരിച്ചത് സംസ്കൃതസാഹിത്യത്തിലും ദർശനങ്ങളിലുമാണ്. എന്നാൽ സംസ്കൃതൈകപ്രാണരെപ്പോലെ സംസ്കൃതത്തിലെഴുതിയ എന്തിനെയും അദ്ദേഹം ആദരിച്ചില്ല. സ്വച്ഛവും ഭദ്രവും വിശാലവുമായ പരിജ്ഞാനമാണ് അദ്ദേഹം സംസ്കൃത സാഹിത്യത്തിൽ നേടിയത്. തന്മൂലം സാഹിത്യത്തിന്റെ ലക്ഷ്യം, രചനാരഹസ്യങ്ങൾ, സത്സാഹിത്യഭാവങ്ങൾ എന്നിവയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സുവ്യക്തവും യുക്തിഭദ്രവുമായിരിക്കുന്നു. ഭാരതീയ സിദ്ധാന്തങ്ങളിൽ അടിയുറച്ച രാജാങ്കണം, കൈവിളക്ക്, സാഹിത്യസല്ലാപം തുടങ്ങിയ കൃതികൾ അതു വ്യക്തമാക്കുന്നു. സ്വവ്യക്തിത്വത്തിന്റെ ഗാഢമുദ്രകൾ പതിഞ്ഞ ഭാരതപര്യടനം ഭാരതസാഹിത്യത്തിൽത്തന്നെ അപൂർവ്വമായ ഒന്നായിരിക്കും എന്ന് അഭിപ്രായമുണ്ട്.' പാത്രസ്വഭാവപഠനം, പ്രബന്ധധ്വനിദർശനം എന്നിവയിലൂടെ സാഹിത്യത്തിന്റെ സമഗ്രചൈതന്യം കണ്ടെത്താനാണ് അദ്ദേഹത്തിന്റെ ശ്രമം. അദൃഷ്ടാപൂർവ്വമായ ആശയങ്ങൾ കണ്ടെത്താനുള്ള അദ്ദേഹത്തിനുള്ള പ്രാഗല്ഭ്യത്തിനു തെളിവാണ് ഋശ്യശൃംഗന്റെ കഥയ്ക്കും 'നേശേബലസ്യേതി ചരേദ ധർമ്മം' എന്ന വാക്യത്തിനും കൊടുക്കുന്ന വ്യാഖ്യാനം" മൗലികമായ മനഃശാസ്ത്രദർശനം അദ്ദേഹത്തിന്റെ ഭാരതപര്യടനത്തിലെ പാത്രസ്വഭാവചർച്ചയിൽ കാണാം. തന്റെ ചിന്താശക്തി കൊണ്ടും ജ്ഞാനതൃഷ്ണകൊണ്ടും അറിവിന്റെ ലോകത്തെ വികസ്വരമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഹൃദയഭാവങ്ങളുടെ സ്ഫുരണം കൊണ്ടാണ് സാഹിത്യം എവിടെയും ശ്രേഷ്ഠമാകുന്നതെന്ന ജ്ഞാനം അദ്ദേഹത്തിനു സ്വായത്തമായിരുന്നു.

നിരൂപണത്തെ ആത്മാവിഷ്കാരമായി മാറ്റിയ സർഗാത്മകവിമർശകനാണ് മാരാർ. സംസ്കൃതത്തിലെ നിയമങ്ങളെ അടിസ്ഥാനമാക്കി കൃതികളുടെ ഗുണദോഷവിചിന്തനം നടത്തുകയാണ് നിരൂപണം എന്ന് അദ്ദേഹം കരുതിയിരുന്നില്ല. നല്ലൊരു വിമർശകൻ

മഹാഗ്രന്ഥങ്ങളിലൂടെ തന്റെ ആത്മാവിനെ വിഹരിപ്പിക്കുന്നവനാണ് എന്ന അനത്തോലെ ഫ്രാൻസിന്റെ നിർവ്വചനമാണ് അദ്ദേഹം സ്വീകരിച്ചത്.[37] സാഹിത്യവിമർശകനെ ആത്മാവിഷ്ക്കാരരതനും സർഗാത്മകനുമായി അദ്ദേഹം കണക്കാക്കുന്നു. മാരാർ ഇതു വിശദീകരിക്കുന്നുണ്ട്. "ജീവിതത്തിന്റെ നാനാവശങ്ങളിൽ മാനസിക ജീവിതത്തിന്റേതായ പ്രകാശനവകുപ്പായിരിക്കണം സാഹിത്യം കാവ്യവും കാവ്യനിരൂപണവും."[38] ഇങ്ങനെ വിമർശനത്തെ ആത്മാനുഭൂതിപ്രധാനവും കലാത്മകവുമാക്കിയ നിരൂപകനാണ് കുട്ടിക്കൃഷ്ണമാരാർ. മുണ്ടശ്ശേരി ഇതിനെക്കുറിച്ച പറയുന്നു

> "ഏതാണ്ടിയ്യിടയേ നമ്മുടെ സാഹിത്യത്തിൽ നിരൂപണങ്ങൾ സമഗ്രാനുഭൂതിപ്രഭവങ്ങളാവാൻ തുടങ്ങിയിട്ടുള്ളു. ഈ വളർച്ച നമ്മുടെ നിരൂപണങ്ങൾക്കു പറയത്തക്ക സാഹിത്യവില വരുത്തിവെയ്ക്കാൻ ഉതകിയിട്ടുണ്ട്. ആഴത്തിൽ ചിന്തിച്ചാൽ ജീവിതസ്പർശിയാവുക എന്നതാണല്ലോ കാവ്യങ്ങളുടെ ഒന്നാമത്തെ ലക്ഷണം. ആ സ്ഥിതിക്ക്, നിരൂപണത്തിന്റെ ഇടുങ്ങിയ മേഖലയിൽ നിന്നായാൽപ്പോലും, ശ്രീ മാരാരെ ഒരു മഹാകവിയോടൊപ്പം സാഹിത്യ സേവനമനുഷ്ഠിച്ച ഒരാളായിക്കാണാൻ എനിക്ക് അധൈര്യമില്ല."[39]

'കല ജീവിതം തന്നെ' എന്ന മാരാരുടെ പ്രസിദ്ധമായ വാദം, കല കലയ്ക്കുവേണ്ടി എന്നും കല ജീവിതത്തിനുവേണ്ടി എന്നുമുള്ള വിരുദ്ധവാദങ്ങളുടെ വൈരുധ്യത്തെ എടുത്തു കാണിക്കുന്നു. ഈ സിദ്ധാന്തത്തിലൂടെ കല ഒന്നാമതായി കലയായിരിക്കണമെന്നും അങ്ങനെയായാൽ അതു ജീവിതത്തിനുവേണ്ടിയുള്ളതാകുമെന്നും പറഞ്ഞ് ഈ വിരുദ്ധവാദങ്ങളുടെ ഐകരൂപ്യവും സ്വീകാര്യതയും യുക്തിനൈപുണിയോടെ സമന്വയിക്കുകയും ചെയ്യുന്നു.

നിഷ്പക്ഷവിമർശനം എന്നൊന്നില്ല എന്ന വാദത്തിലൂടെ വിമർശകനുണ്ടായിരിക്കേണ്ട ഏക പക്ഷപാതം സൗന്ദര്യപക്ഷപാതമാണ് എന്നു സ്ഥാപിക്കുന്നു. വ്യക്തിയുടെ

പ്രതിഭയിൽ ചെന്നുമുട്ടി തിരിച്ചുവരുന്ന സർഗാത്മകപ്രതികരണങ്ങളാണ് ആത്മാവിഷ്കാരപ്രധാനമായ നിരൂപണം. അപ്പോൾ വ്യക്തിയുടെ കാവ്യപക്ഷപാതങ്ങളാണ് വിമർശനത്തിന് അടിത്തറയായിത്തീരുക.

സാഹിത്യത്തിലെ പ്രതിപാദനപക്ഷത്താണ് മാരാർ നിലയുറപ്പിച്ചിരുന്നത്. പദവാക്യഛന്ദസ്സുകളുടെ ഔചിത്യബന്ധുരമായ വിന്യസനവും സന്ധിസന്ധ്യംഗപ്പൊരുത്തവുമെല്ലാം കൂടിച്ചേരുന്നതാണ് പ്രതിപാദനത്തിലെ സൗന്ദര്യം. പ്രതിപാദ്യവും പ്രധാനം തന്നെ. പ്രതിപാദ്യം എത്ര നന്നായാലും പ്രതിപാദനസമ്പ്രദായം ഹൃദ്യമായാലേ ഏതൊരു സാഹിത്യസൃഷ്ടിയും ഹൃദ്യമാവൂ എന്നാണ് മാരാരുടെ പക്ഷം.[40] പ്രതിപാദനവൈദഗ്ദ്ധ്യത്തിൽനിന്നും ജനിക്കുന്ന പ്രതീതിസാരമാണ് സാഹിത്യത്തെ രസനീയമാക്കുന്നതെന്നാണ് ഈ വാദത്തിന്റെ ചുരുക്കം.

സൗന്ദര്യബോധവും യുക്തിബോധവും തമ്മിൽ ഭേദമില്ല എന്ന് മാരാർ വാദിച്ചുസ്ഥാപിക്കുന്നുണ്ട്. "യുക്തിബലമില്ലാത്തത് കലയാകില്ല. യുക്തിരഹിതമായ സൗന്ദര്യമെന്നൊന്നില്ല താനും"[41] ഇവിടെ മാരാർ ഉദ്ദേശിക്കുന്ന യുക്തി കവി മനസ്സിൽ കാവ്യനിർമ്മാണവേളയിൽ നിയാമകമായി വർത്തിക്കുന്ന ഔചിത്യബോധം തന്നെയാണ്. ഈ ആന്തരയുക്തിക്ക് കലയുടെ പ്രതിപാദനത്തിൽ ഏറെ പ്രാധാന്യമുണ്ട്. കവിപ്രവർത്തനത്തെ ഹൃദയംഗമമാക്കുന്നത് ഈ ആന്തരയുക്തിയാണ്.[42] മാരാരുടെ നിരൂപണതത്ത്വത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അദ്ദേഹത്തിന്റെ യുക്തിവിചാരകൗശലം. "യുക്തിവിചാരകൗശലം- അതാണ് ശ്രീ മാരാരുടെ സാഹിത്യനിരൂപണത്തെ ഈ പ്രായത്തോളം വളർത്തിയെടുത്തത്"[43] എന്നു മുണ്ടശ്ശേരി പറയുന്നുണ്ട്. സൗന്ദര്യബോധം യുക്തിബോധത്തിന്റെ സാരം മാത്രമാണെന്നും അതിനാൽ സൗന്ദര്യബോധത്തെ യുക്തിബോധം കൊണ്ടു വളർത്തിയെടുക്കാൻ കഴിയുമെന്നും മാരാർ സമർത്ഥിക്കുന്നുണ്ട്.[44]

ശാസ്ത്രീയതയും യുക്തിബോധവും പാശ്ചാത്യസംസ്കാരത്തിന്റെ സവിശേഷതയായി പറയാറുണ്ട്. പാശ്ചാത്യസാഹിത്യദർശനവുമായി പരിചയപ്പെടുവാൻ അവസരം

ലഭിച്ചില്ലെങ്കിലും അതിന്റെ സത്തയെ ഉൾക്കൊള്ളാൻ മാരാർക്കു സാധിച്ചു. അതുകൊണ്ട് "പാശ്ചാത്യപൗരസ്ത്യസാഹിത്യസമ്മേളനത്തിന്റെ ഒരു പ്രതിപുരുഷനായി അദ്ദേഹത്തെ കണക്കാക്കാം"[45] എന്ന് അഴീക്കോട് പറയുന്നു. തന്റെ അന്തസ്സാരോന്മുഖമായ യുക്തികൗശലം മൂലം അദ്ദേഹം ഏതുകാലത്തും സംസ്കൃതസാമാന്യത്തിൽ നിന്ന് വ്യത്യസ്തനായി നിൽക്കും എന്ന് സുകുമാർ അഴീക്കോട് തുടർന്നു പറയുന്നു.

കുട്ടിക്കൃഷ്ണമാരാരുടെ ആദ്യകൃതിയായ സാഹിത്യഭൂഷണം വ്യവസ്ഥാപിത സാഹിത്യസിദ്ധാന്തങ്ങളെ ചോദ്യം ചെയ്യുന്നതാണ്. മാരാരുടെ വിഗ്രഹഭഞ്ജകത്വവാസന ആ കൃതി പ്രകടമക്കി. സുസ്ഥാപിതമായ സംസ്കൃതസാഹിത്യസിദ്ധാന്തങ്ങളെ അവലംബിച്ചെഴുതിയ ഏ. ആർ. രാജരാജവർമ്മയുടെ ഭാഷാഭൂഷണത്തെയും അദ്ദേഹം അവലംബിച്ച ആചാര്യന്മാരുടെ സിദ്ധാന്തങ്ങളെയും ചോദ്യം ചെയ്യുന്നതായിരുന്നു ആ കൃതി. വളരെക്കാലമായി സംസ്കൃതസാഹിത്യത്തിലും പ്രാദേശികസാഹിത്യങ്ങളിലും നിലനിന്നുപോന്ന സാഹിത്യചിന്താപരമായ അടിമത്തത്തെ ആ കൃതിയിലൂടെ മാരാർ എതിർക്കുകയായിരുന്നു.

ധ്വനി കാവ്യാത്മാവാണ് എന്ന സുപ്രതിഷ്ഠിതമായ മതത്തെയാണ് ആ കൃതിയിൽ ചോദ്യം ചെയ്യുന്നത്. ധ്വനിയുടെ സ്ഥാനത്ത് മഹിമഭട്ടൻ പ്രതിഷ്ഠിച്ച അനുമാനത്തെ സമർത്ഥിച്ചു സ്ഥാപിക്കുകയായിരുന്നു മാരാർ ചെയ്തത്. കാവ്യാധിഷ്ഠിതമായ ധ്വനിയിൽ എത്തിച്ചേരുവാൻ കാവ്യാനുശീലനശീലവും ശൈലീപാണ്ഡിത്യവും ഉള്ളവർക്കേ സാധിക്കൂ. സഹൃദയന്റെ പ്രതിഭാജന്യമായ അനുമാനത്തിലൂടെയേ കാവ്യത്തിലെ ധ്വനി ആസ്വാദ്യമാകൂ എന്നു മാരാർ പറഞ്ഞു. അപ്പോൾ കാവ്യാസ്വാദനം കാവ്യനിഷ്ഠത്തെക്കാൾ സഹൃദയനിഷ്ഠമാകും. ഇതൊരു കാല്പനിക സങ്കല്പമാണ്. കാല്പനികമനസ്സായ മാരാർക്കും ഇതു സ്വീകാര്യമായിരുന്നു. "ഈ സാഹിത്യമർമ്മ ചിന്തയാണ് പിൽക്കാലത്ത് പക്ഷപാതവിമർശനസിദ്ധാന്തമായി മാരാരിൽ പൂവും കായുമണിഞ്ഞത്."[46] എന്ന് പി. വി. വേലായുധൻ പിള്ള പറയുന്നു.

സാഹിത്യഭൂഷണത്തിൽ ചിരപ്രതിഷ്ഠിതരായ സാഹിത്യാചാര്യന്മാരും ഏ. ആർ. തമ്പുരാനും മാരാരുടെ എതിർപ്പിനു വിധേയരായി. അക്കാലത്തിനോടടുത്ത് അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോൻ' എന്ന നോവലിലെ പാത്രസൃഷ്ടിദോഷങ്ങളും മാരാർ ചൂണ്ടിക്കാണിച്ചു. അദ്ദേഹം ചൂണ്ടിക്കാണിച്ച അതേ ദോഷങ്ങൾ കുറെക്കാലം കഴിഞ്ഞ് ആംഗലസാഹിത്യനിഷ്ണാതനായ എം. പി. പോൾ ദർശിച്ചുവെന്നത് മാരാരുടെ സൂക്ഷ്മനിരീക്ഷണത്തെക്കാണിക്കുന്നതാണ്.[17]

സാഹിത്യം വിദ്യയാണെന്നും മാരാർ പറഞ്ഞു. കവിതാപഠനത്തിൽനിന്നു ലഭിക്കേണ്ടത് മനഃസംസ്കരണമാണ് ഈ മനഃസംസ്കരണം വിദ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു. ജ്ഞാനപ്രധാനമാണ് വിദ്യ. ജ്ഞാനപോഷണമാണ് സാഹിത്യത്തിന്റെ ലക്ഷ്യം. ജ്ഞാനപോഷണം വിചാരാധിഷ്ഠിതമോ വികാരാധിഷ്ഠിതമോ ആകാമെന്നും സാഹിത്യം നിർവ്വഹിക്കുന്നത് വികാരാധിഷ്ഠിതമായ ജ്ഞാനപോഷണമാണെന്നും മാരാർ പറഞ്ഞു.

പൂർവ്വസൂരികൾ എത്ര മഹാന്മാരായാലും മാരാർ അവരുടെ അഭിപ്രായങ്ങളെ തന്റെ യുക്തിബോധത്തിന്റെ ഉരകല്ലിലുരച്ചേ സ്വീകരിക്കുകയുള്ളൂ. എതിർ പക്ഷങ്ങളെ യുക്തിപൂർവ്വമായ സമീപനത്തിലൂടെ അദ്ദേഹം പരാജപ്പെടുത്തുകയും ചെയ്യുന്നു.

മുണ്ടശ്ശേരിയും മാരാരും

മുണ്ടശ്ശേരിയുടെയും മാരാരുടെയും സാഹിത്യദർശനത്തിലും സാഹിത്യജീവിതത്തിലും ഒട്ടേറെ സാജാത്യങ്ങളോടൊപ്പം വൈജാത്യങ്ങളും കണ്ടെത്താം. കലയുടെ ലക്ഷ്യം എന്തെന്നന്വേഷിക്കുന്നിടത്താണ് ഇവരുടെ അഭിപ്രായഭിന്നത ഏറ്റവും പ്രകടമാകുന്നത്. ഏതു കലയുടെയും ലക്ഷ്യം സൗന്ദര്യാവിഷ്ക്കാരമാണെന്ന് ശുദ്ധകലാവാദികൾ അഭിപ്രായപ്പെടുന്നു. ശുദ്ധമായ ആനന്ദാനുഭൂതിയെയാണ് കലയുടെ ലക്ഷ്യമായി ഇവർ കാണുന്നത്. കലയുടെ സൃഷ്ടി സോദ്ദേശകമാണെന്ന് പ്രയോജനപക്ഷക്കാർ വാദിക്കുന്നു. ജീവിതമാണ് സാഹിത്യത്തിൽ ആവിഷ്ക്കരിക്കപ്പെടേണ്ടതെന്നും അതു ജീവിതത്തിനുവേണ്ടിയായിരിക്കണമെന്നും അവർ നിഷ്കർഷിക്കുന്നു.

സാഹിത്യത്തിന്റെ മൂല്യനിർണ്ണയനത്തിന് ജീവിതോപയോഗിതയിൽ ഊന്നുന്നവർക്കിടയിൽ ആവിഷ്കൃതമാകേണ്ട ജീവിതത്തെ സംബന്ധിച്ച വീക്ഷണങ്ങളുടെ കാര്യത്തിൽ ഭിന്നതയുണ്ട്. ഇന്ദ്രിയവേദ്യമായ ജീവിതത്തെ സാമാന്യജനതയുടെ ജീവിതത്തിന് ഉത്തേജകമാകുമാറ് ചിത്രീകരിക്കണം എന്നൊരുപക്ഷം. മറുപക്ഷത്തിന് ജീവിതമെന്നതിൽ ഭൗതികജീവിതത്തോടൊപ്പം ഒരാത്മീയതലവും കൂടി ഉൾക്കൊള്ളുന്നു. സംസ്കാരോന്നതിയാണ് അവരുടെ ദൃഷ്ടിയിൽ സാഹിത്യത്തിന്റെ ലക്ഷ്യം.

സാഹിത്യം സാമൂഹികജീവിതത്തിന്റെ പ്രതിഫലനമാകണമെന്ന കാര്യത്തിൽ മുണ്ടശ്ശേരിക്ക് സംശയമൊന്നുമില്ലായിരുന്നു. സാമാന്യജനതയുടെ ജീവിതത്തെ ആവിഷ്ക്കരിക്കുന്നതും അവർക്ക് പുരോഗമനവാഞ്ഛ ഉളവാക്കുന്നതുമാകണം സാഹിത്യം എന്നു മുണ്ടശ്ശേരി വാദിച്ചു. ജീവിതത്തെക്കുറിച്ചുള്ള വീക്ഷണം ഈ ദർശനത്തിനു പിന്നിലുണ്ട്. ഭൗതികജീവിതത്തിനപ്പുറമുള്ള ഒരു ജീവിതത്തെക്കുറിച്ച് മുണ്ടശ്ശേരി ചിന്തിച്ചിരുന്നില്ല. സാമൂഹികവും സാമ്പത്തികവുമായുള്ള ഉച്ചനീചത്വങ്ങളെ നിലനിർത്തുവാനുള്ള ഒരു കൗശലമായേ അത്തരം വാദഗതികളെ അദ്ദേഹം കണ്ടിരുന്നുള്ളൂ.[48] ഏതു കാലത്തെയും കൃതികളിലും തത്തൽകാലങ്ങളുടെ പ്രതിഫലനം ഉണ്ടാകുമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. മൂല്യവാദത്തെയും മാർക്സിയൻ സൗന്ദര്യശാസ്ത്രവാദത്തെയും ഉൾക്കൊള്ളാൻ അതുകൊണ്ട് മുണ്ടശ്ശേരിക്കു സാധിച്ചു. അദ്ദേഹത്തിന്റെ സാമൂഹ്യാധിഷ്ഠിത വീക്ഷണത്തിനും സോഷ്യലിസ്റ്റ് വീക്ഷണത്തിനും ഈ ദർശനം ഹേതുവായി. ജീവിതത്തിന്റെ പരമതത്ത്വത്തെ ഭൗതികജീവിതത്തിൽ പ്രതിഷ്ഠിക്കുവാൻ മാരാരുടെ ദർശനം അദ്ദേഹത്തെ അനുവദിച്ചില്ല. അതുകൊണ്ട് സാഹിത്യം ആത്മോന്നതിക്കും മാനസികവികാസത്തിനും ഉതകണമെന്ന സിദ്ധാന്തത്തിൽ ഊന്നി അദ്ദേഹം സാഹിത്യമൂല്യനിർദ്ധാരണത്തിൽ ഏർപ്പെട്ടു.

എന്നാൽ ഇവർ രണ്ടുപേരും സാഹിത്യത്തിലെ സൗന്ദര്യാംശത്തെ ഒട്ടും നിഷേധിക്കുന്നില്ല. ഒട്ടേറെ ചിന്താകാലുഷ്യങ്ങളിൽ പെട്ടുപോകുന്നുണ്ടെങ്കിലും പ്രതിപാദ്യം കലാത്മകമായിരിക്കണമെന്ന് ദർശനത്തിൽതന്നെയാണ് മുണ്ടശ്ശേരി ആത്യന്തികമായി എത്തി

നിൽക്കുന്നത്. അംഗോപാംഗങ്ങളുടെ സമഞ്ജസമായ ഘടന സാഹിത്യത്തിന് അനിവാര്യമാണെന്ന വീക്ഷണത്തിൽ മുണ്ടശ്ശേരി ഉറച്ചുനിൽക്കുകതന്നെ ചെയ്തു. സാഹിത്യത്തിൽ എന്തു പറഞ്ഞു എന്ന അടിസ്ഥാനത്തിലും എങ്ങനെ പഞ്ഞു എന്ന അടിസ്ഥാനത്തിലും കൃതികളെ വിലയിരുത്താറുണ്ട്. സാഹിത്യത്തിൽ എങ്ങനെ പറഞ്ഞു എന്നന്വേഷിക്കുന്ന നിരൂപകൻ അതിന്റെ ഘടനാതലമാണ് തന്റെ അന്വേഷണത്തിന് അടിസ്ഥാനമാക്കുന്നത്. ഇതിൽ സാഹിത്യത്തിന്റെ ബാഹ്യാന്തരഘടകങ്ങളുടെ സാകല്യം തന്നെയുണ്ടാകും. നല്ല സാഹിത്യത്തിന് സഹജമായ ഈ ജൈവഘടനയെങ്ങനെ സഹൃദയന്റെ ലാവണ്യബോധത്തെ സ്പർശിക്കുന്നു എന്ന ചിന്തയാണ് അവർക്കു പ്രധാനം. മുണ്ടശ്ശേരിയുടെ അന്വേഷണം പ്രധാനമായും എന്തു പറഞ്ഞു എന്നതാണ്. സിദ്ധാന്തപക്ഷത്ത് ഇതിനെ സമന്വയിക്കുന്ന ഒരു വീക്ഷണമാണ് അദ്ദേഹം വച്ചുപുലർത്തുന്നത്. എന്നാൽ പ്രയോഗത്തിൽ പ്രതിപാദ്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമ്പ്രദായമാണ് അദ്ദേഹം സ്വീകരിച്ചുകാണുന്നത്. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ നിരൂപണത്തിന്റെ രണ്ടാം ഘട്ടത്തിൽ. പ്രോഗ്രസീവ് റിയലിസവും സോഷ്യലിസ്റ്റ് റിയലിസവും പ്രാധാന്യം കൊടുക്കുന്നത് പ്രതിപാദ്യത്തിനാണല്ലോ.

സാഹിത്യത്തിലെ പ്രതിപാദനപക്ഷത്താണ് മാരാരുടെ നില. പദവാക്യഛന്ദസ്സുകളുടെ ഔചിത്യബന്ധുരമായ വിന്യസനവും, സന്ധിസന്ധ്യംഗപൊരുത്തവുമെല്ലാം കൂടിച്ചേർന്നതാണ് ഈ രൂപഘടന. പ്രതിപാദ്യത്തെ അവഗണിച്ചു എന്ന് ഇതിന് അർത്ഥമില്ല. പ്രതിപാദ്യം എത്ര നന്നായലും പ്രതിപാദനസമ്പ്രദായം ഹൃദ്യമായാലേ ഏതൊരു സാഹിത്യസൃഷ്ടിയും സുന്ദരമാകൂ എന്നാണ് മാരാരുടെ അഭിപ്രായം.

സാഹിത്യം ജ്ഞാനവിജ്ഞാനപ്രദമായ ഒരു വിദ്യയാണെന്ന് മാരാർ വാദിച്ചു. കവിതാപഠനത്തിൽനിന്ന് നമുക്കു ലഭിക്കേണ്ടത് മനഃസംസ്കരണമാണെന്ന് അദ്ദേഹം പറഞ്ഞു. ഈ മനഃസംസ്കരണം വിദ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു. ജ്ഞാനപ്രധാനമാണ് വിദ്യ. ജ്ഞാനപോഷണമാണ് സാഹിത്യത്തിന്റെ ലക്ഷ്യം. ഇവിടെ മാരാർ കലയിലെ സൗന്ദര്യത്തെ ആരാധിക്കുന്നതിനോടൊപ്പം ജീവിതസത്തയെക്കൂടി അംഗീകരിക്കുന്നു.

T928

എന്നാൽ സാഹിത്യം പ്രയോജനപ്പെടേണ്ടത് ജനസാമാന്യത്തിന്റെ ഭൗതിക ജീവിതപുരോഗതിക്കാകണം എന്ന അഭിപ്രായക്കാരനായിരുന്നു മുണ്ടശ്ശേരി.[49] സ്വാതന്ത്ര്യത്തിലേക്കുള്ള കുതിപ്പുകളും മനുഷ്യജീവിതത്തെ ശുഭകരമാക്കുവാനുള്ള വിജ്ഞാനത്തിന്റെ കോരിപ്പകരലുകളുമാണ് സാഹിത്യകൃതികൾ എന്നദ്ദേഹം വിശ്വസിച്ചു. നമ്മുടെ സാമൂഹികജീവിതത്തിന് സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും യുഗത്തിലേക്കു നീങ്ങുവാൻ സഹായിക്കുന്ന കാഴ്ചപ്പാടോടെ അനുഭൂതികൾക്ക് രൂപം കൊടുക്കുകയാണ് കലാകാരൻ ചെയ്യേണ്ടത് എന്ന് അദ്ദേഹം വാദിച്ചു.

സാഹിത്യകാരനും സമൂഹവുമായുള്ള ദൃഢബന്ധത്തിൽ വിശ്വാസമർപ്പിക്കുന്നു മുണ്ടശ്ശേരി. സാമൂഹികജീവിതമാണ് സാഹിത്യകാരന്റെ മൂശ എന്നും അടിച്ചമർത്തപ്പെട്ട ജനതയുടെ മോചനത്തിനായിട്ടാണ് സാഹിത്യകാരൻ പ്രവർത്തിക്കേണ്ടതെന്നും മുണ്ടശ്ശേരി വിശ്വസിച്ചു. സാഹിത്യകാരൻ എന്നും രാഷ്ട്രീയസമരങ്ങളിൽ ജനകീയപക്ഷത്തും സാമ്പത്തികസമരത്തിൽ ചൂഷിതന്റെ പക്ഷത്തും സാമൂഹികവിപ്ലവങ്ങളിൽ മർദ്ദിതജനതയുടെ പക്ഷത്തും നിൽക്കണമെന്ന് മുണ്ടശ്ശേരി വാദിച്ചു.[50] സാഹിത്യം തീർത്തും വൈയക്തികമാണെന്ന് മാരാർ വിശ്വസിച്ചു.

> “ജീവിതത്തിന്റെ നാനാവശങ്ങളിൽ മാനസിക ജീവിതത്തിന്റേതായ പ്രകാശനവകുപ്പായിരിക്കണം സാഹിത്യം -കാവ്യവും കാവ്യനിരൂപണവും മറ്റെല്ലാ സാഹിത്യവിഭാഗങ്ങളും. സാഹിത്യം മുഖേന ആവിഷ്കരിക്കപ്പെടുന്ന മാനസികജീവിതത്തിന്റെ യോഗഭേദവും മാത്രാഭേദവുമാണ് സാഹിത്യോത്കർഷത്തിന്റെ പിഴക്കാത്ത മാനദണ്ഡം”[51]

എന്നദ്ദേഹം പറഞ്ഞിരിക്കുന്നു.

ഉത്തമസാഹിത്യം കാലത്തിനും ദേശത്തിനും ഭാഷക്കും അതീതമായ ചിരന്തന മൂല്യമുള്ളതാണ്. ജീവിതത്തിലെ വിലപ്പെട്ട ധാർമ്മികമൂല്യങ്ങളെത്തന്നെയാണ് മാരാർ സാഹിത്യത്തിന്റേയും മൂല്യമായി സങ്കല്പിക്കുന്നത്. കല ജീവിതം തന്നെ എന്നു

വാദിക്കുക വഴി രണ്ടിന്റെയും ഉദ്ദേശലക്ഷ്യങ്ങളെ ഏകീകരിക്കുകയായിരുന്നു അദ്ദേഹം. സാഹിത്യം പകർന്നു തരുന്ന ആനന്ദാനുഭൂതി ജീവിതത്തിലെ ശാശ്വത മൂല്യങ്ങളോട് അലിഞ്ഞുചേർന്നിരിക്കുന്നു. കാലദേശപരിമിതികളില്ലാതെ ഒരോ മനുഷ്യന്റെയും നന്മകളെ ഏകീകരിച്ച് ഹൃദയോന്നതി പ്രദാനം ചെയ്യുന്ന ലക്ഷ്യവും മാർഗ്ഗവുമാണ് അത്.[32]

ശാശ്വതമൂല്യങ്ങളെ സാഹിത്യത്തിന്റെയും നിരൂപണത്തിന്റെയും അടിസ്ഥാനമാക്കുന്നതിനെ മുണ്ടശ്ശേരി അംഗീകരിക്കുന്നില്ല. നിരന്തരപരിണാമത്തിന് വിധേയമാണ് മൂല്യസങ്കല്പങ്ങൾ എന്ന് അദ്ദേഹം വീക്ഷിക്കുന്നു.[33] ഒരോ കാലഘട്ടത്തിന്റെയും വീക്ഷണങ്ങൾ കൃതിയുടെ രൂപഭാവങ്ങളെ നിർണ്ണയിക്കുകയും ചെയ്യുന്നു. സാമൂഹികാധിഷ്ഠിതമായ നിരൂപണസമ്പ്രദായം മുണ്ടശ്ശേരിക്ക് ഹിതമായത് അതുകൊണ്ടാണ്. ഒരേ ദുഷ്യന്തകഥക്ക് വ്യാസനും കാളിദാസനും ചാർത്തുന്ന വ്യത്യസ്തരൂപഭാവങ്ങൾ ആ കാലഘട്ടത്തിന്റെ മൂല്യങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് മുണ്ടശ്ശേരി സ്ഥാപിക്കുന്നു.

സാഹിത്യവീക്ഷണം പക്ഷപാതപരമായിരിക്കും എന്ന മാരാരുടെ കണ്ടെത്തൽ ആത്മനിഷ്ഠതാവാദത്തിന്റെ ഒരു തലമാണ്. ഒരാൾക്ക് ജീവിതനിരീക്ഷണത്തിലൂടെ ഉണ്ടാകുന്ന മൂല്യപക്ഷപാതം അയാളുടെ നിരൂപണത്തിൽ പ്രതിഫലിക്കും എന്ന് പറയുമ്പോൾ നിരൂപണത്തെ വ്യക്തിനിഷ്ഠമാക്കുകയാണ് ചെയ്യുന്നത്. നിരൂപണം പക്ഷപാതപരമാണ് എന്ന മാരാരുടെ വീക്ഷണത്തെ രാജാങ്കണനിരൂപണത്തിൽ മുണ്ടശ്ശേരി പിന്താങ്ങുന്നുണ്ട്.[34] നിരൂപകർ മാത്രമല്ല താന്താങ്ങളുടെ പക്ഷം ഉൾക്കൊള്ളിച്ചുകൊണ്ട് സാഹിത്യം രചിക്കുന്നവരൊക്കെയും പക്ഷപാതം പുലർത്തുന്നുവെന്ന് അദ്ദേഹം സമ്മതിക്കുന്നു. പക്ഷെ ഒരു സാമൂഹ്യജീവി എന്ന നിലയിൽ എഴുത്തുകാരനും നിരൂപകനും ഉൾക്കൊണ്ടിട്ടുള്ള പക്ഷപാതങ്ങളെ അവരുടെ കൃതിയിൽ വരൂ എന്ന് മുണ്ടശ്ശേരി പറയുന്നു.[35] മാരാരാകട്ടെ വ്യക്തിനിഷ്ഠമായ ഗുണപക്ഷപാതത്തിലാണ് ഊന്നുന്നത്. മാരാരുടെ വിമർശനത്തിൽ ആന്തരാനുഭൂതിയുടെ അധിഷ്ഠാനത്തിലുള്ള പക്ഷപാതമേ കാണാൻ കഴിയൂ. എന്നാൽ മുണ്ടശ്ശേരിയുടെ പക്ഷപാതം വ്യക്തിപരമായ തലങ്ങളിലേക്കുപോലും ചിലപ്പോൾ കടക്കും.

പുരോഗമനസാഹിത്യപ്രസ്ഥാനത്തോട് ചേർന്ന് പ്രവർത്തിച്ചിരുന്നില്ലെങ്കിലും സാഹിത്യത്തിന്റെ കലാത്വത്തെ നിഷേധിക്കാത്ത മുണ്ടശ്ശേരി, പോൾ, സി. ജെ. തോമസ് എന്നിവരോട് മാരാർക്ക് യോജിപ്പുണ്ടായിരുന്നു.

മാരാരുടെ ജീവിതസങ്കല്പവും സാഹിത്യസങ്കല്പവും ധാർമ്മികതയിലും വ്യക്തിപരതയിലും അധിഷ്ഠിതമായപ്പോൾ മുണ്ടശ്ശേരിയുടെത് ഭൗതികതയിലും സമൂഹപരതയിലും ഊന്നുന്നതായിരുന്നു. എന്നാൽ സാഹിത്യത്തിന്റെ പ്രതിപാദനഭംഗിയിൽ ഇരുവരും ഒരേ വീക്ഷണഗതിക്കാരായിരുന്നു. നാടകാന്തം കവിത്വം, രൂപഭദ്രത, കാവ്യപീഠിക തുടങ്ങിയ കൃതികൾ ഇത് തെളിയിക്കുന്നു.

നമ്മുടെ പുരാണേതിഹാസങ്ങളുടെ അത്ഭുതലോകത്തിലേക്ക് മാരാരുടെയും മുണ്ടശ്ശേരിയുടെയും നിരൂപണദൃഷ്ടി കടന്നുചെന്നിട്ടുണ്ട്. പുരാണേതിഹാസങ്ങളെയും അതിലെ കഥാപാത്രങ്ങളെയും യുക്തികുശലതയോടെ സമീപിക്കുകയും നമ്മുടെ പരമ്പരാഗതവിശ്വാസങ്ങളെ ഞെട്ടിച്ചുകൊണ്ട് മനോവിജ്ഞാനീയത്തിന്റെ സഹായത്തോടെ നവീന വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്യുന്നു മാരാർ. ഭാവാധിഷ്ഠിതവും വ്യാഖ്യാനപ്രധാനവുമായ ഒരു സമീപനമാണ് ആ നിരൂപണങ്ങളിൽ നാം കാണുന്നത്.

സാഹിത്യകൃതിയുടെ മൂല്യം അതെഴുതിയ കാലഘട്ടത്തോടും അന്നത്തെ സാമൂഹികവ്യവസ്ഥിതിയോടും ബന്ധപ്പെട്ടുകിടക്കുന്നു എന്ന സിദ്ധാന്തത്തിലൂന്നിയാണ് മുണ്ടശ്ശേരിയുടെ പുരാണകൃതികളിലൂടെയുള്ള സഞ്ചാരം. അവയുടെ മഹിമാതിശയത്തെക്കുറിച്ച് മുണ്ടശ്ശേരിക്ക് നിറഞ്ഞ ആദരവാണുള്ളത്. എന്നാൽ മേഘസന്ദേശത്തെ മയൂരസന്ദേശത്തോടും മറ്റു ചില സന്ദേശകാവ്യങ്ങളോടും താരതമ്യം ചെയ്തതിൽ അദ്ദേഹത്തിന്റെ വിവേചനബുദ്ധി വേണ്ടത്ര പ്രവർത്തിച്ചില്ല. ശാകുന്തളം നാടകത്തെ സാമൂഹികാധിഷ്ഠിതനിരൂപണസമ്പ്രദായത്തിൽ വിലയിരുത്താൻ ശ്രമിച്ചപ്പോഴും അദ്ദേഹത്തിന് നിലതെറ്റുന്നുണ്ട്. ഇതേ നിരൂപണപദ്ധതികൊണ്ട് നമ്മുടെ നാടൻ പാട്ടുകളുടെയും ദേവതാസ്തുതികളുടെയും പിന്നിലുള്ള പ്രചോദനത്തെ അന്വേഷിക്കുന്നു. സമൂഹജീവിതത്തിലെ പ്രവണതകൾ അവയിലും നമ്മുടെ മണിപ്രവാളസാഹിത്യത്തിലും പ്രതിഫലി

ക്കുന്നുണ്ട്. ഈ സാമൂഹികബോധം വേണ്ടത്ര ഉൾക്കൊള്ളാത്തതുകൊണ്ടാണ് മാരാർക്ക് എഴുത്തച്ഛനോടും നമ്പ്യാരോടും ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായത്. ശാശ്വതമൂല്യാധിഷ്ഠിതമായ സഹൃദയത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആ കൃതിളെ പൂർണ്ണമായും വിലയിരുത്താനാവില്ല എന്ന് മാരാരുടെ നിരൂപണം തെളിയിക്കുന്നു.

നിയോക്ലാസ്സിക് കവിതകളുടെ ദുഷിച്ച പ്രവണതകൾക്കെതിരായ പോരാട്ടമായിരുന്നു മുണ്ടശ്ശേരിയുടെ നിരൂപണത്തിലെ ഒരു പ്രധാന ഭാഗം. സാഹിത്യത്തിൽ ഉണ്ടായിവന്ന പുതിയ പ്രവണതകളായ റിയലിസം, പ്രോഗ്രസീവ് റിയലിസം, സോഷ്യലിസ്റ്റ് റിയലിസം തുടങ്ങിയവയെ മലയാളികൾക്ക് പരിചയപ്പെടുത്തുകയും പുതിയ പ്രസ്ഥാനങ്ങളുമായി വന്ന കവികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു മുണ്ടശ്ശേരി. എന്നാൽ നവീന പ്രസ്ഥാനങ്ങളെക്കുറിച്ചോ അവയുടെ പിന്നിലുള്ള സാഹിത്യബാഹ്യമായ സ്വാധീനങ്ങളെക്കുറിച്ചോ മാരാർ ചിന്തിച്ചുകാണുന്നില്ല. സാഹിത്യത്തെ അധമമാക്കുന്ന പ്രവണതകളോടെല്ലാം മാരാർ എതിർപ്പ് പ്രകടിപ്പിച്ചു.

മുണ്ടശ്ശേരിയെപ്പോലെ മാരാരും കുമാരനാശാനെ ഇഷ്ടപ്പെട്ടു. എന്നാൽ വ്യത്യസ്തമായ മാനദണ്ഡങ്ങൾകൊണ്ടാണ് ഇരുവരും ആശാനെ വിലയിരുത്തിയത്. നളിനി, ലീല, ചിന്താവിഷ്ടയായ സീത ഇവയെക്കുറിച്ചുള്ള പഠനങ്ങൾ മാരാർ നടത്തിയിട്ടുണ്ട്. ജീവിതത്തിന്റെ അന്തഃസാരം തേടുന്ന കുമാരനാശാന്റെ ജീവിതവീക്ഷണം മാരാർക്ക് ഹിതകരമായിരുന്നു. അദ്ദേഹത്തിന്റെ സംസ്കാരസങ്കല്പങ്ങൾക്ക് ചേരാനിടയില്ലായിരുന്നിട്ടുകൂടി ചിന്താവിഷ്ടയായ സീതയെ അംഗീകരിച്ചു. എന്നാൽ പുരോഗമനജീവിതവൃത്തങ്ങളെ കൈകാര്യം ചെയ്ത ആശാൻകൃതികളെ അദ്ദേഹം വിഗണിക്കുകയാണ് ചെയ്തത്.

തന്റെ സാഹിത്യദർശനങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ ആശാൻ കവിതയെ മുണ്ടശ്ശേരി കണ്ടു. ഹൃദയാനുരഞ്ജനം സാധിക്കുമാറുള്ള ആവിഷ്ക്കരണപാടവവും മനുഷ്യഭാവങ്ങളുടെ സാന്നിധ്യവും നിയോക്ലാസ്സിക് കവിതകളുടെ അന്തഃസാരരഹിതമായ സങ്കേതങ്ങളിൽനിന്നുള്ള ഊരിപ്പോരലും ആശാൻകവിതകളുടെ സവി

ശേഷതകളായി മുണ്ടശ്ശേരി തന്റെ ആദ്യകാല നിരൂപണങ്ങളിൽ എടുത്തു പറഞ്ഞു. എന്നാൽ ആശാൻകവിതയിലെ സാമൂഹികപ്രവണതകളാണ് മുണ്ടശ്ശേരി പിന്നീട് എടുത്ത് പറയുന്നത്. വിപ്ലവത്തിന്റെ ശുക്രനക്ഷത്രമായി അപ്പോൾ അദ്ദേഹം ആശാനെ നിരീക്ഷിക്കുന്നു.

കവിത്രയത്തിൽവച്ച് മാരാർക്ക് വ്യക്തിപരമായി ഏറ്റവും ബന്ധമുണ്ടായിരുന്ന കവിയായിരുന്നു വള്ളത്തോൾ. എന്നാൽ സൗന്ദര്യപരവും കലാപരവുമായ മാരാരുടെ അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന വള്ളത്തോൾ അദ്ദേഹത്തിന്റെ ജീവിതസംബന്ധിയായ ദർശനങ്ങളെ തൃപ്തിപ്പെടുത്താൻ പോരുന്നവനായിരുന്നില്ല. സാഹിത്യത്തിന്റെ പ്രതിപാദ്യം സഹൃദയന്റെ ഹൃദയവികാസത്തിന് ഉതകുന്നതാകണം എന്ന അഭിപ്രായമുള്ള മാരാർക്ക് ലോലഭാവസ്ഫുരിതമായ വള്ളത്തോൾക്കവിതയിൽ അത് കാണാനായില്ല.

മുണ്ടശ്ശേരിയുടെ സാഹിത്യവീക്ഷണങ്ങൾക്കും ജീവിതദർശനങ്ങൾക്കും ഏറെ അനുകൂലമായിരുന്നു വള്ളത്തോൾക്കവിതയെങ്കിലും മുണ്ടശ്ശേരി അതിനെ ആശാൻ കവിതയുടെ പിന്നിലെ സ്ഥാനം നൽകിയുള്ളൂ. മുണ്ടശ്ശേരി കാവ്യഘടകങ്ങളുടെ അംഗോപാംഗപൊരുത്തം ഏറ്റവും ഹൃദയംഗമമായി കാണുന്നത് വള്ളത്തോൾക്കവിതയിലാണ്. ജാതികൃതമായ അനാചാരങ്ങൾക്കെതിരെയാണ് പ്രധാനമായും ആശാൻ ശബ്ദിച്ചത്. സാമൂഹികപുരോഗതിക്കായുള്ള ആഹ്വാനം വള്ളത്തോൾക്കവിതയിലാണ് പ്രാമുഖ്യം നേടുന്നത്. മുണ്ടശ്ശേരി പറയുന്ന നാടകീയത എന്ന കാവ്യഗുണത്തിന് ഏറെ ചേരുന്നത് വള്ളത്തോൾക്കവിതയാണ്. സമഗ്രജീവിതാവിഷ്കരണത്തിൽ വള്ളത്തോൾ ദത്താവധാനനല്ല എന്നതുമാത്രമാണ് വള്ളത്തോൾക്കവിതയിൽ അദ്ദേഹം കാണുന്ന ദോഷം. കവി ആവിഷ്കരിക്കുന്ന ജീവിതത്തിന്റെ വലുപ്പച്ചെറുപ്പമല്ല അതിന്റെ ഹൃദയസ്പർശിതയും ആവിഷ്കരണത്തിലെ ശില്പചാരുതയുമാണ് കാവ്യത്തിന്റെ മൂല്യനിർണ്ണയനത്തിന് അടിസ്ഥാനമാക്കേണ്ടതെന്ന് അറിയാത്ത ആളല്ല മുണ്ടശ്ശേരി.

മുണ്ടശ്ശേരി ഉള്ളൂർക്കവിതക്ക് നേരെ നടത്തുന്ന ക്രൂരമായ ആക്രമണം മാരാരിൽ നിന്ന് ഉണ്ടായില്ല. എന്നാൽ ഉള്ളൂർക്കവിതയെ ഗൗരവമായ പഠനത്തിന് അദ്ദേഹം വിധേയമാക്കിയില്ല.

ചങ്ങമ്പുഴ ആവിഷ്കരിക്കുന്നത് ലോലഭാവമാണെന്ന് മുണ്ടശ്ശേരിക്കും മാരാർക്കും പക്ഷമുണ്ട്. ചങ്ങമ്പുഴക്കവിതയിൽ വിപ്ലവത്തിന്റെ പ്രഖ്യാപനങ്ങൾ ദർശിച്ചാണ് മുണ്ടശ്ശേരി അതിനെ ഉൾക്കൊള്ളാൻ ശ്രമിച്ചത്. മാരാർ ധാർമ്മികമാനദണ്ഡങ്ങൾ കൊണ്ടളന്ന് അതിനെ വിമർശിച്ചു. തന്റെ ജീവിതദർശനത്തിന് അനുരൂപമായതു കൊണ്ടാണ് മാരാർക്ക് നാലപ്പാടൻ അഭിനന്ദനീയനായത്. മുണ്ടശ്ശേരിക്കും നാലപ്പാടൻ അംഗീകരിക്കാവുന്ന കവിയായിരുന്നു.

ജീയുടെ കവിതയിലെ സിംബലിസത്തെ മാരാരും മുണ്ടശ്ശേരിയും വിമർശിക്കുന്നുണ്ട്. ജീയുടെ സിംബലുകൾ നമ്മുടെ അലങ്കാരങ്ങളുടെ ഒരു വേഷപ്പകർച്ചയായിട്ടാണ് ഇവർ കാണുന്നത്.

നവീന കവികളെ ഗൗരവമായി പരിഗണിക്കാൻ ഈ രണ്ടു നിരൂപകരും തുനിയുന്നില്ല.

സാഹിത്യം വരും കാലങ്ങളിൽ പ്രശോഭിക്കാൻ പോകുന്നത് ഗദ്യത്തിലായിരിക്കുമെന്ന് മുണ്ടശ്ശേരി പറഞ്ഞു. ഗദ്യത്തിനു പ്രാമുഖ്യം കിട്ടുമ്പോഴാണ് സാഹിത്യം ജനകീയമാകുക.

സമകാലികരായിരുന്ന മാരാരുടെയും മുണ്ടശ്ശേരിയുടെയും വീക്ഷണത്തിൽ ഒട്ടേറെ സമാനതകളും അസമാനതകളും കാണാൻ കഴിയും. പ്രതിപാദനവൈശിഷ്ട്യത്തിൽ ഇരുവരും ചിലസന്ദർഭങ്ങളിൽ സമാന ചിന്താഗതിക്കാരാകുന്നുണ്ട്.

മുണ്ടശ്ശേരിയുടെ കാലഘട്ടത്തിൽ എത്തുന്നതോടെ നമ്മുടെ വിമർശനസാഹിത്യം സുപരിണിതമാകുകയാണ്. പൂർവ്വികരുടെ നിരൂപണസമ്പ്രദായങ്ങളെ പിന്തുടർന്നും വികസിപ്പിച്ചുമാണ് മുണ്ടശ്ശേരി തന്റെ നിരൂപണപദ്ധതി പടുത്തുയർത്തിയത്. മുണ്ടശ്ശേരിയുടെ നിരൂപണത്തിന്റെ ഏറ്റവും വലിയ സവിശേഷത പാശ്ചാത്യപൗരസ്ത്യ തത്ത്വങ്ങളെ

സമന്വയിച്ച് ഒരു നിരൂപണപദ്ധതി കരുപ്പിടിപ്പിച്ചു എന്നതാണ്. ഇതിന്റെ ആദ്യ സ്ഫുരണങ്ങൾ മലയാളവിമർശനത്തിന്റെ പ്രാരംഭദശയിൽതന്നെ കണ്ടുതുടങ്ങിയിരുന്നു. സി. പി. അച്ചുതമേനോന്റെയും ഏ. ആറിന്റെയും പി. കെ. നാരായണപിള്ളയുടെയും നിരൂപണങ്ങളിൽ ഇതിനുള്ള ശ്രമമുണ്ട്. കലയുടെ പരമതത്ത്വം എവിടെയും ഒന്നാണെന്ന അടിസ്ഥാനത്തിൽ പൗരസ്ത്യപാശ്ചാത്യ സിദ്ധാന്തങ്ങളെ മുണ്ടശ്ശേരി കാവ്യനിരൂപണത്തിനുപയോഗിച്ചു.

നമ്മുടെ സാഹിത്യചരിത്രത്തിലെ ഏറ്റവും ഊർജ്ജസ്വലമായ കാലഘട്ടമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം. സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിലുണ്ടായ ചലനങ്ങളും കൂടിയായപ്പോൾ ആ കാലഘട്ടം ആശയസംഘട്ടനങ്ങൾകൊണ്ടും സംവാദങ്ങൾകൊണ്ടും മുഖരിതമായി. അച്ചടിയും വിദ്യാഭ്യാസത്തിനുണ്ടായ പ്രചാരവും ഈ പരിവർത്തനങ്ങൾക്ക് പ്രേരകമായി. ഗദ്യത്തിനുണ്ടായ അഭിവൃദ്ധിയും ഗദ്യത്തിലൂടെ കൈവന്ന വിജ്ഞാനത്തിന്റെ വൈവിധ്യവും നമ്മുടെ സാംസ്കാരികമണ്ഡലത്തെ ചലനാത്മകമാക്കാൻ കാരണമായിട്ടുണ്ട്.

ഈ കാലഘട്ടത്തിലെ നിരൂപണത്തെ സമുജ്ജ്വലമാക്കിയ നിരൂപകരെയാണ് ഇവിടെ എടുത്തുകാണിച്ചത്. മുണ്ടശ്ശേരിയുടെ സാഹിത്യദർശനങ്ങളുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട നിരൂപകരെയാണ് ഇവിടെ പരാമർശിച്ചത്

അടിക്കുറിപ്പുകൾ

---

[1] കേരളവർമ്മ പാഠപുസ്തകക്കമ്മറ്റി മെമ്പറാകുന്നത് 1868-ലാണ്.

[2] 1864-ൽ പശ്ചിമതാരക മുതൽ 1890-ൽ മനോരമ വരെയുള്ള പത്രങ്ങൾ

[3] ദ്വിതീയാക്ഷരപ്രാസവാദം [illegible] മുതൽ [illegible] വരെ നീണ്ടുനിന്നു.

എസ്. കെ. വസന്തൻ. *പ്രാസവാദം.* കേരള സാഹിത്യ അക്കാദമി. 1986.

[4] എ. ആർ. രാജരാജവർമ്മ. *നളിനി.* 'അവതാരിക'. എസ്. ആർ. വി. പ്രസ്സ്, കൊല്ലം. 1107. പു. 2.

[5] എ. ആർ. രാജരാജവർമ്മ. *സാഹിത്യസാഹ്യം.* സാഹിത്യ പ്രവർത്തക സഹകരണസംഘം. 1969.

[6] വിദ്യാവിനോദിനി [illegible] ധനു. 1070യിൽ സി. പി. അച്ചുതമേനോൻ മനോരമാവിജയത്തെക്കുറിച്ച് ഇങ്ങനെയെഴുതി "ഗ്രന്ഥം മുഴുവൻ നല്ലവണ്ണം ശ്രദ്ധവച്ചു വായിച്ചതിൽ അർത്ഥത്തിലാകട്ടെ, ശബ്ദത്തിലാകട്ടെ അല്പമെങ്കിലും സ്വാരസ്യമോ ചമത്കാരമോ ഉള്ളതായി ഒരു പ്രയോഗമെങ്കിലും ഞങ്ങളുടെ ദൃഷ്ടിയിൽ പെടുകയുണ്ടായില്ല."

[7] എൻ. കൃഷ്ണപിള്ള. *കൈരളിയുടെ കഥ.* 'പുതുയുഗപ്പുലരി പൊട്ടിവിടരുന്നു'. സാഹിത്യ പ്രവർത്തക സഹകരണസംഘം. 1986. പു. 259–300.

[8] 1936-ലെ സാഹിത്യപരിഷത്ത് സമ്മേളനത്തിൽ പി. ശങ്കരൻനമ്പ്യാർ ഉന്നയിച്ച കല കലയ്ക്കുവേണ്ടി എന്ന പ്രമേയവും എൻ. ഗോപാലപിള്ള തുടങ്ങിയവർ ചെയ്ത പ്രസംഗങ്ങളും മേൽക്കാണിച്ച വിഷയങ്ങളിലേക്ക് സാഹിത്യകാരന്മാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു.

[9] എൻ. കൃഷ്ണപിള്ള. *കൈരളിയുടെ കഥ.* 'പുതുയുഗപ്പുലരി പൊട്ടിവിടരുന്നു'. സാഹിത്യ പ്രവർത്തക സഹകരണസംഘം. 1986. പു. 342.

[10] ടി. പു. പു. 342.

[11] എ. ബാലകൃഷ്ണപിള്ള. *കേസരിയുടെ മുഖപ്രസംഗങ്ങൾ.* സാഹിത്യ പ്രവർത്തക സഹകരണസംഘം. 1961. പു. 140, 151.

---

[12] 1918–ൽ സമദർശിയുടെയും 1931–ൽ കേസരിയുടെയും പത്രാധിപരായി.

[13] കേസരി എ. ബാലകൃഷ്ണപിള്ള, *സാഹിത്യവിമർശനങ്ങൾ.* മംഗളോദയം. തൃശൂർ. 1957. പു. 38–45.

[14] ജോസഫ് മുണ്ടശ്ശേരി. *മുണ്ടശ്ശേരി കൃതികൾ* ഭാ. III. 'വായനശാലയിൽ 2'. കറന്റ് ബുക്സ്, കോട്ടയം. 1981. പു. 304.

[15] ടി. പു. പു. 310.

[16] ടി. പു. ഭാ. I. പു. 419.

[17] ടി. പു. ഭാ. I. പു. 429, 469.

[18] സുകുമാർ അഴീക്കോട്. *മലയാളസാഹിത്യവിമർശനം.* കറന്റ് ബുക്സ്. 1985. പു. 243.

[19] എം. പി. പോൾ, *സാഹിത്യവിചാരം.* സാഹിത്യ പ്രവർത്തക സഹകരണസംഘം. കോട്ടയം. 1959. പു. 45–50.

[20] പി. വി. വേലായുധൻ പിള്ള. *മലയാളസാഹിത്യവിമർശനം.* എൻ. ബി. എസ്. 1984. പു. 62.

[21] സുകുമാർ അഴീക്കോട്. *മലയാളസാഹിത്യവിമർശനം.* കറന്റ് ബുക്സ്. 1985. പു. 245.

[22] കുട്ടിക്കൃഷ്ണമാരാർ. *ദന്തഗോപുരം.* കറന്റ് ബുക്സ്. 1967. പു. 90–91.

[23] എം. പി. പോൾ. *ഗദ്യഗതി.* സാഹിത്യ പ്രവർത്തക സഹകരണസംഘം. 1954. പു. 38.

[24] ടി. പു. പു. 41.

[25] ടി. പു. പു. 36.

[26] ടി. പു. പു. 37.

[27] പി. വി. വേലായുധൻ പിള്ള. *മലയാളസാഹിത്യവിമർശനം.* എൻ. ബി. എസ്. 1984. പു. 64.

[28] എം. പി. പോൾ, *സാഹിത്യവിചാരം.* സാഹിത്യ പ്രവർത്തക സഹകരണസംഘം. കോട്ടയം. 1959. പു. 105.

[29] ടി. പു. പു. 116.

[30] കുട്ടിക്കൃഷ്ണമാരാർ. *പതിനഞ്ചുപന്യാസം.* നവകേരളം. 1963. പു 68–74.

[31] സുകുമാർ അഴീക്കോട. *മലയാളസാഹിത്യവിമർശനം.* കറന്റ് ബുക്സ്. 1981. പു. 249.

---

[32] എം. പി. പോൾ. *ചെറുകഥാപ്രസ്ഥാനം*. സാഹിത്യ പ്രവർത്തക സഹകരണസംഘം. 1956 പു. 35.

[33] ജോസഫ് മുണ്ടശ്ശേരി. *മുണ്ടശ്ശേരി കൃതികൾ* ഭാ. III. 'നനയാതെ മീൻ പിടിക്കാമോ?'. കറന്റ് ബുക്സ്. 1991. പു. 25, 46, 68 & 30

[34] കൃഷ്ണപിള്ള കുറ്റിപ്പുഴ. *കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ*. സാഹിത്യ പ്രവർത്തക സഹകരണസംഘം. 1967. പു. 50

[35] എം. ലീലാവതി. *സത്യം ശിവം സുന്ദരം*. സാഹിത്യ പ്രവർത്തക സഹകരണസംഘം. 1989. പു. 34.

[36] കുട്ടിക്കൃഷ്ണമാരാർ. *ഭാരതപര്യടനം*. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം. ഈ വ്യാഖ്യാനത്തിന് എം. ലീലാവതി മറ്റൊരു വ്യാഖ്യാനം കൊടുക്കുന്നുണ്ട് -*സത്യം ശിവം സുന്ദരത്തിൽ*. പു. 35.

[37] കുട്ടിക്കൃഷ്ണമാരാർ. *കൈവിളക്ക്*. കറന്റ് ബുക്സ്. 1965. പു. 264.

[38] കുട്ടിക്കൃഷ്ണമാരാർ. *രാജാങ്കണം*. മംഗളോദയം. 1947. പു. 7.

[39] പലർ. *വിമർശനം മലയാളത്തിൽ*. 'മലയാളവിമർശനത്തെയും മാരാരെയും പറ്റി -ജോസഫ് മുണ്ടശ്ശേരി'. കറന്റ് ബുക്സ്. 1981. പു. 7.

[40] കുട്ടിക്കൃഷ്ണമാരാർ. *സാഹിത്യവിദ്യ*. പി. കെ. ബ്രദേഴ്സ്. 1948. പു. 216.

[41] ടി. പു. പു. 269.

[42] കുട്ടിക്കൃഷ്ണമാരാർ. *കല ജീവിതം തന്നെ*. സാഹിത്യ പ്രവർത്തക സഹകരണസംഘം. 1970. പു. 72.

[43] പലർ. *വിമർശനം മലയാളത്തിൽ*. 'മലയാളവിമർശനത്തെയും മാരാരെയും പറ്റി.' കറന്റ് ബുക്സ്. 1981. പു. 7.

[44] കുട്ടിക്കൃഷ്ണമാരാർ. *സാഹിത്യവിദ്യ*. പി. കെ. ബ്രദേഴ്സ്. 1948. പു. 72-78.

[45] സുകുമാർ അഴീക്കോട്, *മലയാളസാഹിത്യവിമർശനം*. ഡി. സി. ബുക്സ്. 1985. പു. 277.

[46] പി. വി. വേലായുധൻ പിള്ള. *മലയാളസാഹിത്യവിമർശനം*. എൻ. ബി. എസ്. 1984. പു. 94.

---

[47] എം. പി. പോൾ, *നോവൽ സാഹിത്യം*. സാഹിത്യ പ്രവർത്തക സഹകരണസംഘം. 1959. പു. 36.

[48] ജോസഫ് മുണ്ടശ്ശേരി, *മുണ്ടശ്ശേരി കൃതികൾ* ഭാ. I. 'രൂപഭദ്രത'. കറന്റ് ബുക്സ്. 1981. പു 525–26.

[49] ടി. പു. പു 525–27.

[50] ടി. പു. ഭാ. I. 'കരിന്തിരി'. പു. 665.

[51] കുട്ടിക്കൃഷ്ണമാരാർ, *രാജാങ്കണം*. മംഗളോദയം. 1958. പു. 7.

[52] കുട്ടിക്കൃഷ്ണമാരാർ, *സാഹിത്യവിദ്യ*. പി. കെ. ബ്രദേഴ്സ്. 1958.

[53] ജോസഫ് മുണ്ടശ്ശേരി, *മുണ്ടശ്ശേരി കൃതികൾ* ഭാ. I. 'കരിന്തിരി'. കറന്റ് ബുക്സ്. 1981. പു. 665.

[54] ടി. പു. ഭാ. III. 'വായനശാലയിൽ'. പു. 159.

[55] ടി. പു. പു. 159.